# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ഓഗസ്റ്റ് 8 | ദീപം 57 | നാളം 22 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org





പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾക്കു തുടക്കംകുറിച്ച് ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ ദീപം തെളിക്കുന്നു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മുൻ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, മാർത്താണ്ഡം ബിഷപ് വിൻസന്റ് മാർ പൗലോസ്, മന്ത്രി റോഷി അഗസ്റ്റിൻ, അഡ്വ. സെബാസ്റ്റ്യൻ കുളത്തിങ്കൽ എം.എൽ.എ., മുൻ എം.എൽ.എ. പി. സി. ജോർജ്, രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ, സിഞ്ചെല്ലൂസ് മോൺ. ജോസഫ് കണിയോടിക്കൽ തുടങ്ങിയവർ സമീപം.

# പാലായുടെ സമ്പത്ത് സുവിശേഷസുഗന്ധം പേറുന്ന കുടുംബങ്ങൾ

## പാലാ രൂപത പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾക്കു ഭക്തിസാന്ദ്രമായ തുടക്കം

പാലാ രൂപതയുടെ സമ്പത്ത് സുവിശേഷസുഗന്ധം പേറുന്ന കുടുംബങ്ങളാണെന്ന് സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ. പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾ ഭരണങ്ങാനം അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ ജൂലൈ 26 ന് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വാക്കുകൊണ്ടു പ്രസംഗിക്കുന്നതിനെക്കാൾ ജീവിതംകൊണ്ടു കുടുംബങ്ങളെ ബലപ്പെടുത്തിയ രൂപതയാണു പാലായെന്ന് മാർ റാഫേൽ തട്ടിൽ പറഞ്ഞു. ഏറ്റവും നല്ല കുടുംബജീവിതത്തിന്റെ വീണ്ടുസൂക്ഷിക്കുന്ന ഇടമാണു പാലാരൂപത. ആ ഗുണമേന്മയാണ് പാലാരൂപതയുടെ ഏറ്റവും വലിയ മഹത്ത്വം. രാഷ്ട്രീയസാമൂഹികവിഷയങ്ങളിൽ പാലായിലെ അല്മായനേതൃത്വം നടത്തിയിട്ടുള്ള ഇടപെടലുകളെക്കുറിച്ച് പിതാവ് എടുത്തുപറയുകയുണ്ടായി. രാഷ്ട്രീയപ്രവർത്തനങ്ങളിലും ക്രൈസ്തവസാക്ഷ്യം നല്കിയവരാണു പാലാക്കാർ. പാലാക്കാരുടെ എല്ലാ പരിശ്രമങ്ങളിലും ലഭിച്ച വലിയ ദൈവകൃപയെ സവിശേഷമായി ചൂണ്ടിക്കാണിച്ചു അദ്ദേഹം.

എവിടെയാണെങ്കിലും തങ്ങൾ കത്തോലിക്കരാണെന്നും തങ്ങളുടെ വിശ്വാസം ഏറെ വിലപ്പെട്ടതാണെന്നും വിളിച്ചുപറയാൻ ചങ്കൂറ്റമുള്ളവിധം ആളുകളെ പരുവപ്പെടുത്തിയെടുത്ത സ്ഥലമാണു പാലാ. അതു കുടുംബങ്ങളിലൂടെ, സംഘടനകളിലൂടെ, സംവിധാനങ്ങളിലൂടെ നിർവഹിക്കാൻ കഴിഞ്ഞു എന്നുള്ളതാണ് പാലായുടെ ഏറ്റവും വലിയ പ്രത്യേകതയെന്ന് മേജർ ആർച്ചുബിഷപ് പറഞ്ഞു.

കുടുംബങ്ങളിൽ നിലനില്ക്കുന്ന ഈ വിശുദ്ധിയുടെ പരിമളംതന്നെയാണ് അൽഫോൻസാമ്മയിലും കുഞ്ഞച്ചനിലും കദളിക്കാട്ടിലച്ചനിലും നാം കണ്ടുമുട്ടുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രേഷിതപ്രവർത്തനമേഖലയിൽ പാലാ രൂപത നല്കിയിട്ടുള്ള സംഭാവനകളെ മേജർ ആർച്ചുബിഷപ് ഏറെ ശ്ലാഘിക്കുകയുണ്ടായി. സീറോ മലബാർ സഭയുടെ ചരിത്രത്തിൽ മറ്റാർക്കും അവകാശപ്പെടാൻ കഴിയാത്തവിധത്തിലുള്ള ഒരു വലിയ കാര്യമാണത്. ചെറുപുഷ്പ മിഷൻലീഗിനെ ചെറുതായി കാണാൻ കഴിയില്ല. ഇവിടെയുള്ളവർ മിഷൻ പ്രദേശങ്ങളിലേക്കു കടന്നുചെല്ലണമെന്ന ഒരു വികാരം കുഞ്ഞുങ്ങളുടെ മനസ്സിൽ സൃഷ്ടിക്കാൻ ചെറുപുഷ്പ മിഷൻലീഗിലൂടെ നമ്മൾ നടത്തിയ ഒരു പരിശ്രമമുണ്ട്. ആ പരിശ്രമമാണ് ഇവിടുന്ന് ധാരാളം വൈദികരും സിസ്റ്റേഴ്സും മിഷൻപ്രവർത്തനങ്ങൾക്കു പോകാൻ കാരണമായത്. ഈ മണ്ണിന്റെ ഗുണവും ഇവിടത്തെ കുടുംബങ്ങളുടെ സുവിശേഷസാക്ഷ്യത്തിന്റെ വലിയ പ്രത്യേകതയുമാണത് - അദ്ദേഹം ഓർമിച്ചു.

ചെറുപുഷ്പ മിഷൻലീഗിലൂടെയും എം.എസ്.ടിയിലൂടെയും മറ്റും പാലാ രൂപത മിഷനോടു കാണിച്ച അടുപ്പം കുറേക്കൂടി പ്രായോഗികമാക്കി ഇനിയും ധാരാളം വൈദികരും സന്ന്യസ്തരും അല്മായരും പ്രേഷിതരംഗങ്ങളിലേക്കു കടന്നുവരണമെന്നും മേജർ ആർച്ചുബിഷപ് പറഞ്ഞു. മിഷനെ മറക്കുന്ന സഭ മരിക്കുന്ന സഭയാണെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ മാർ റാഫേൽ തട്ടിലിന്റെ മുഖ്യകാർമികത്വത്തിൽ അർപ്പിക്കപ്പെട്ട സമൂഹബലിയോടെയാണു ജൂബിലിയാഘോഷങ്ങൾ ആരംഭിച്ചത്. പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, ബിഷപ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ബിഷപ് മാർ ജേക്കബ് മുരിക്കൻ, മാർത്താണ്ഡം ബിഷപ് വിൻസെന്റ് മാർ പൗലോസ് എന്നിവർ സഹകാർമികരായിരുന്നു. രൂപതയിലെ എല്ലാ വൈദികരും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും വിശുദ്ധകുർബാനയിൽ പങ്കാളികളായി.

അൽഫോൻസാമ്മയുടെ കബറിടത്തിനു സമീപം മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ ജൂബിലിദീപം തെളിച്ചു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ആമുഖസന്ദേശം നൽകി. സഭാതലവനൊപ്പം രൂപതാകുടുംബമൊന്നാകെ ഒന്നിച്ചുകൂടുന്നത് പന്തക്കുസ്താനുഭവമാണെന്നും ജൂബിലിയാഘോഷങ്ങൾ ലളിതവും ആത്മീയത നിറഞ്ഞതുമാണെന്നും അദ്ദേഹം പറഞ്ഞു. പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ കൃതജ്ഞത പറഞ്ഞു.

സിഞ്ചെല്ലൂസുമാരായ മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ജോസഫ് കണിയോടിക്കൽ, ഫിനാൻസ് ഓഫീസർ ഫാ. ഡോ. ജോസഫ് മുത്തനാട്ട്, ചാൻസലർ ഫാ. ഡോ. ജോസഫ് കുറ്റിയാങ്കൽ, ജുഡീഷ്യൽ വികാർ ഫാ. ഡോ. ജോസഫ് മുകളേപ്പറമ്പിൽ, തീർഥാടനകേന്ദ്രം റെക്ടർ ഫാ. ഡോ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ, ഭരണങ്ങാനം ഫൊറോന വികാരി ഫാ. സക്കറിയാസ് ആട്ടപ്പാട്ട് തുടങ്ങിയവർ ചടങ്ങുകൾക്കു നേതൃത്വം നൽകി. മന്ത്രി റോഷി അഗസ്റ്റിൻ ഉൾപ്പെടെ രാഷ്ട്രീയസാമൂഹികരംഗങ്ങളിലെ നിരവധി പ്രമുഖരും ധാരാളം വിശ്വാസികളും ചടങ്ങിൽ പങ്കെടുത്തു.

# കാർഗിൽ പാഠമാവാതെ പാക്കിസ്ഥാൻ



അനിൽ ജെ. തയ്യിൽ

**കാ**ർഗിൽ വിജയദിനമായ ജൂലൈ 26 ന് ലഡാക്കിലെ ദ്രാസിൽ കാർഗിൽ യുദ്ധസ്മാരകത്തിനുമുമ്പിൽ ഭീകരതയ്ക്കെതിരേ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സ്വരമുയർന്നതിനു തൊട്ടുപിറ്റേന്ന് ഭീകരർക്കൊപ്പം പാക്കിസ്ഥാൻ സൈനികരും ചേർന്ന് ഇന്ത്യൻ അതിർത്തിയിൽ ആക്രമണം നടത്തി. അതിർത്തിയിലെ കുപ്‌വാര മേഖലയിലെ ഇന്ത്യൻ ആർമി ബങ്കറിനു നേർക്കാണ് പാക്കിസ്ഥാൻ സേനാംഗങ്ങൾ അടങ്ങുന്ന ഭീകരസംഘം ആക്രമണം നടത്തിയത്. പാക്കിസ്ഥാൻ എന്നും ഭീകരതയ്ക്കൊപ്പമെന്നു തെളിയിച്ച ആക്രമണത്തിൽ നമ്മുടെ രാജ്യത്തിനു നഷ്ടമായത് ഒരു സൈനികന്റെ ജീവൻ! ഒരു മേജർ അടക്കം നാലു സൈനികർ പരിക്കേറ്റു ചികിത്സയിൽ. അന്താരാഷ്ട്രവേദിയിൽ പതിവുപോലെ തങ്ങൾക്കു പങ്കില്ല എന്നു വാദിക്കാനാവാത്തവിധം ഇന്ത്യൻ പ്രത്യാക്രമണത്തിൽ പാക്കിസ്ഥാനു നഷ്ടമായത് അവരുടെ ബോർഡർ ആക്ഷൻ ടീമിലെ സൈനികനെ. 2021 ൽ ബിഎസ്എഫും, ബിഎടി യും തമ്മിലുള്ള വെടിനിർത്തൽ കരാറിനുശേഷം ആദ്യമായാണ് പാക്കിസ്ഥാൻസൈന്യം ഇന്ത്യൻ അതിർത്തിയിൽ നേരിട്ട് ആക്രമണത്തിനു മുതിർന്നത് എന്നതു ശ്രദ്ധേയം. കുറച്ചുനാളുകൾക്കുശേഷം എന്താവാം പാക്കിസ്ഥാനെ ഇതിനു പ്രേരിപ്പിച്ചത്? ഇന്ത്യ നടത്തിയ ഉറി, ബലാകോട്ട് സർജിക്കൽ സ്ട്രൈക്കുകളും അതിൽ നഷ്ടപ്പെട്ട നിരവധി സൈനികജീവനുകളും ഒരു ഓർമപ്പെടുത്തലായി കൺമുന്നിൽ നിൽക്കുമ്പോഴും, ഏറ്റവും ദുർഘടമേറിയ കാർഗിലിൽനിന്നു തുരത്തിയോടിക്കപ്പെട്ട അനുഭവമുള്ളപ്പോഴും എന്താവാം കാരണം?

അതിർത്തിയിൽ ഇന്ത്യൻ ക്യാമ്പുകൾക്കുനേരേ വെടിയുതിർക്കുകയും അങ്ങനെ ഇന്ത്യൻ സൈനികരുടെ ശ്രദ്ധ തിരിച്ച് ഭീകരർക്ക് ഇന്ത്യയിലേക്കു നുഴഞ്ഞുകയറാൻ അവസരമൊരുക്കുകയും ചെയ്യുക എന്നതായിരുന്നു മുൻകാലങ്ങളിൽ പാക്ക്സൈന്യത്തിന്റെ രീതി. അതിശൈത്യത്തിന്റെ മുന്നോടിയായിട്ടുള്ള കാലഘട്ടത്തിലാണ് അവർ ഇതു ചെയ്തിരുന്നത്. ബലാക്കോട്ട് ആക്രമണത്തിനു മറുപടിയായുള്ള സർജിക്കൽ സ്ട്രൈക്കിനെത്തുടർന്നാണ് അവർ ഈ രീതി അവസാനിപ്പിച്ചത്. പക്ഷേ, ഇത്തവണ ഇരുരാജ്യങ്ങളിലെയും സൈനികർതമ്മിൽ നേരിട്ടുള്ള ഏറ്റുമുട്ടലിലേക്കു മാറിമറിയുന്നു എന്നതാണ് ഇവിടെ പ്രാധാന്യമർഹിക്കുന്നത്.

കാശ്മീർ ഇപ്പോഴും തങ്ങളുടെ മുൻഗണനാവിഷയമാണെന്ന സൂചന ഈ ആക്രമണത്തിലൂടെ നൽകാൻ പാകിസ്ഥാൻ ശ്രമിക്കുന്നുവെന്നതാണ് ഒരു കാര്യം. കൂടാതെ, ആർട്ടിക്കിൾ 370 റദ്ദുചെയ്തതും സെപ്റ്റംബർ 30 നുമുമ്പ് കാശ്മീരിൽ തിരഞ്ഞെടുപ്പു നടക്കുമെന്നതും പാക്കിസ്ഥാനെ വിറളിപിടിപ്പിച്ചിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് കാശ്മീരിൽ വികസനം വളർന്നുതുടങ്ങിയത് തങ്ങളുടെ വിഘടനവാദപ്രവർത്തനങ്ങളിലേക്കു യുവാക്കളെ ആകർഷിക്കുന്നതിനു വിഘാതമാവുന്നുവെന്നത് അവർ തിരിച്ചറിയുന്നു.

പാക്ക്-അഫ്ഗാൻ അതിർത്തിയിലെ ഖുറം പ്രദേശത്തടക്കം നടക്കുന്ന ഷിയാ-സുന്നി ആഭ്യന്തരകലാപത്തിൽ മരണസംഖ്യ 45 ആയി. ആധുനികായുധങ്ങൾ ഉപയോഗിച്ചാണ് കലാപം അരങ്ങേറുന്നത്. അവിടെനിന്നുള്ള ശ്രദ്ധ തിരിക്കാനും പാക്കിസ്ഥാന് ആശ്രയം മുൻപതിവുപോലെ ഇന്ത്യൻ അതിർത്തിയിൽ ആക്രമണം നടത്തുകയെന്നതാണ്.

കാർഗിൽ യുദ്ധത്തെത്തുടർന്ന് തകർന്നുതരിപ്പണമായ പാക് സാമ്പത്തികമേഖലയുടെ ഇപ്പോഴത്തെ അവസ്ഥ അതിദയനീയമാണ്. ജനങ്ങൾക്ക് അരിയോ ഗോതമ്പോ ഉള്ളിയോ മണ്ണെണ്ണയോ വാഹനങ്ങൾക്കുള്ള ഇന്ധനമോ ഒന്നും ലഭിക്കാത്ത അവസ്ഥയാണ്. പലയിടങ്ങളിലും ജനങ്ങൾ കടകൾ കൊള്ളയടിക്കുന്ന അവസ്ഥയിലേക്കു മാറിയിട്ടുണ്ട്. ഈ വേളയിൽ പാകിസ്ഥാനെ സംബന്ധിച്ചിടത്തോളം വിദേശസാമ്പത്തികസഹായം അത്യന്താപേക്ഷിതമാണ്. ഒരു യുദ്ധമുണ്ടായാൽ ലഭിച്ചേക്കാവുന്ന ഭീമമായ വിദേശസഹായധനവും അവർ ഉന്നം വയ്ക്കുന്നു.

ഒപ്പംതന്നെ, പാക്കിസ്ഥാനും അമേരിക്കയും കഴിഞ്ഞദിവസങ്ങളിൽ നടത്തിയ സംയുക്തസേനാഭ്യാസങ്ങളെക്കൂടി ഈ അവസരത്തിൽ നാം നോക്കിക്കാണേണ്ടതുണ്ട്. ചൈനാബന്ധത്തിൽ അസ്വസ്ഥരായി അകലംപാലിച്ചുനിന്നിരുന്ന അമേരിക്ക പാക്കിസ്ഥാനോടു വീണ്ടും അടുക്കുന്നതിന്റെ ലക്ഷണമായി ഇതിനെ കാണണം. കുറച്ച് അമേരിക്കൻസൈനികരെ തങ്ങളുടെ രാജ്യത്ത് ക്യാമ്പു ചെയ്യാനും പാക്കിസ്ഥാൻ അനുവദിച്ചിട്ടുണ്ട്. അമേരിക്ക നൂറുമില്യൻ ഡോളറിന്റെ സാമ്പത്തികസഹായം നൽകി എന്നതും ശ്രദ്ധേയം. ഇന്ത്യൻ പ്രധാനമന്ത്രിയുടെ റഷ്യാസന്ദർശനം അമേരിക്കയെ കുറച്ചൊന്നുമല്ല അസ്വസ്ഥരാക്കിയത്. വിദേശമാധ്യമങ്ങൾ വൻപ്രാധാന്യം നൽകിയാണ് ഈ സന്ദർശനം റിപ്പോർട്ടു ചെയ്തത്. നെഹ്റുവിന്റെ കാലംമുതൽ ഇന്ത്യയുടെ ഏറ്റവും അടുത്ത സഖ്യകക്ഷിയായ റഷ്യയെ, യുക്രെയ്ൻ യുദ്ധത്തിന്റെ പേരിൽ പാശ്ചാത്യരാജ്യങ്ങളിൽനിന്നു നേരിടുന്ന ഉപരോധത്തിന്റെ ആക്കം കുറച്ച് രക്ഷപ്പെടുത്തിയത് ഇന്ത്യയാണ്. അമേരിക്കയുടെ താക്കീതു വകവയ്ക്കാതെ ഉറ്റസഖ്യകക്ഷിയോടുള്ള വിശ്വസ്തത എന്ന നിലയിൽ ഇന്ത്യ റഷ്യയിൽനിന്ന് വൻതോതിൽ ഇന്ധനം ഇറക്കുമതി ചെയ്യുന്നതും അതിനു ഡോളർ ഒഴിവാക്കിയതും അമേരിക്കയ്ക്കു തിരിച്ചടിയായി. ആയതുകൊണ്ടുതന്നെ, ഇന്ത്യൻ അതിർത്തിയിൽ അസ്വസ്ഥത സൃഷ്ടിക്കാൻ പാക്കിസ്ഥാന് രഹസ്യപിന്തുണ നൽകുന്ന അമേരിക്ക പക്ഷേ, നമ്മുടെ അതിർത്തിയിൽ ചൈന നടത്തുന്ന ആക്രമണങ്ങൾക്കു നേരേ കണ്ണടച്ചുനിൽക്കുകയും ചെയ്യുന്നു.

ഏഷ്യാവൻകരയിൽ ഇന്ത്യയും ചൈനയും വലിയ ശക്തിയായി നിൽക്കുമ്പോൾ തങ്ങൾക്കു നഷ്ടപ്പെട്ട രാഷ്ട്രീയവ്യാപാരസൈനികസ്വാധീനത്തെക്കുറിച്ച് ഉത്തമബോധ്യമുള്ള അമേരിക്കയ്ക്ക് കളിപ്പാട്ടമാക്കാവുന്ന ഏകരാജ്യം കൂലിത്തല്ലുകാരന്റെ റോളിൽ നിലകൊള്ളുന്ന പാക്കിസ്ഥാൻമാത്രമാണ്.

എന്നാൽ, ഇപ്പോൾ ഇന്ത്യ പാലിക്കുന്ന മൗനത്തെ ഏറെ തന്ത്രപ്രധാനമായാണ് ലോകരാഷ്ട്രങ്ങൾ നോക്കിക്കാണുന്നത്. അപ്രതീക്ഷിതമായി പ്രതികരിക്കുന്ന ഒരു നയമാണ് കുറേക്കാലമായി ഇന്ത്യ പിന്തുടരുന്നത്. നമ്മൾ പലതവണ നടത്തിയ സർജിക്കൽ സ്ട്രൈക്കുകൾ അതിന്റെ തെളിവുകളാണ്. പാക്കിസ്ഥാനെ അപേക്ഷിച്ച് ഒരു വൻശക്തി എന്ന നിലയിൽ കുതിച്ചുയർന്നുകൊണ്ടിരിക്കുന്ന ഇന്ത്യയ്ക്ക് അന്തർദേശീയസാഹചര്യങ്ങൾക്കനുസരിച്ചേ പ്രതികരിക്കാൻ സാധിക്കൂ. ചൈനയിൽ പ്രസിഡന്റ് ഷി ജിൻ പിങ് മരണപ്പെട്ടു എന്നൊക്കെയുള്ള സ്ഥിരീകരിക്കാത്ത വാർത്തകൾ പരക്കുമ്പോൾ ചൈനീസ് അതിർത്തിയിൽ ശ്രദ്ധിക്കേണ്ടതുണ്ട്. ബംഗ്ലാദേശിലെ സംവരണസമരം കലാപമായതോടെ അഭയാർഥിപ്രവാഹത്തിൽ ബംഗ്ലാ അതിർത്തിയിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഇതിനൊക്കെയപ്പുറം, വിവിധ യുദ്ധങ്ങളാൽ ലോകസാമ്പത്തികക്രമം പതറിനിൽക്കുന്ന ഈ വേളയിൽ ഒരു തുറന്ന യുദ്ധം നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികവളർച്ചയ്ക്ക് വിഘാതമാവും. ഒരു താക്കീത് എന്ന നിലയിലുള്ള ആക്രമണത്തിനപ്പുറം ഒരിക്കലും മറക്കാത്ത ആക്രമണാനുഭവം പാക്കിസ്ഥാനു നൽകാനുള്ള തയ്യാറെടുപ്പിലും ചർച്ചയിലുമാണ് നമ്മുടെ രാഷ്ട്രീയ സൈനികനേതൃത്വം. അതിനുള്ള അധികാരം 2024 ജൂണിൽ ജി സെവൻ ഉച്ചകോടിക്ക് ഇറ്റലിക്ക് പുറപ്പെടും മുമ്പ് പ്രധാനമന്ത്രി മോദി സൈന്യത്തിനു നൽകുകയും ചെയ്തിട്ടുണ്ട്. എന്തായാലും നമ്മുടെ രാജ്യത്തിന്റെ പരമാധികാരം കാത്തുസൂക്ഷിക്കേണ്ടതിന് ഒരു തിരിച്ചടി അത്യന്താപേക്ഷിതമാണു താനും.

■



## കഥ വേറേ

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്

കടലമ്മയുടെ മക്കളാണ് തിരകൾ എന്നു പറയാം.

കടലിനെ മടുത്തതുകൊണ്ടാവില്ല, തീരങ്ങൾ തുടരെ മാടിവിളിക്കുന്നതുകൊണ്ടാകാം, തിരകൾ പുതുജീവിതം ചാടിപ്പിടിക്കാൻ തുനിയുന്നത്! എങ്കിലും, കടൽ മുറുകെ പിടിച്ചു നിർത്തുന്നുണ്ട് തിരകളെ.

മനുഷ്യരുടെ കഥ വേറേ. അമ്മമാരെയും അച്ഛന്മാരെയും വൃദ്ധസദനത്തിലാക്കി അർമാദിക്കുന്ന മക്കളെ കാണാമല്ലോ ഇക്കാലത്ത്!

# വിശ്വാസമഹിമയുടെ വിഖ്യാതഭൂമി

## പാലാ രൂപത പ്ലാറ്റിനം ജൂബിലിനിറവിൽ



**ഡോ.കെ. കെ. ജോസ്**
ചെയർമാൻ
പാസ്റ്ററൽ കൗൺസിൽ, പാലാ രൂപത

**ആ**ഗോളകത്തോലിക്കാസഭയുടെയും സീറോ മലബാർ സഭയുടെയും ചരിത്രത്തിൽ മഹത്തായ സംഭാവനകൾ നൽകിയ പാലാ രൂപത പ്ലാറ്റിനം ജൂബിലിവർഷത്തിലേക്കു കടന്നിരിക്കുകയാണ്. ദൈവവിശ്വാസവും പൗരാണികതയും കഠിനാധ്വാനവും ആത്മവിശ്വാസവും കൈമുതലായുള്ള കർഷകമക്കളാണ് പാലായുടെ സമ്പത്ത്. കേരളത്തിന്റെ കാർഷിക, വിദ്യാഭ്യാസ, രാഷ്ട്രീയ, സാംസ്കാരികമേഖലകളിലും വിശ്വാസസാക്ഷ്യത്തിലും മിഷൻചൈതന്യത്തിലും ആതുരശുശ്രൂഷാരംഗത്തും മികച്ച സംഭാവനകൾ നൽകിയിട്ടുള്ള ഈ പ്രദേശത്തിന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് പാലാ രൂപത നല്കിയ നേതൃത്വം നിസ്തുലമാണ്.

ഭാഗ്യസ്മരണാർഹനായ 12-ാം പീയൂസ് മാർപാപ്പായുടെ 'ക്വോ എക്ലേസിയാരും' എന്ന തിരുവെഴുത്തുപ്രകാരം 1950 ജൂലൈ 25 ന് ചങ്ങനാശേരി രൂപതയെ വിഭജിച്ച് പാലാ, മുട്ടുചിറ, കുറവിലങ്ങാട്, ആനക്കല്ല് (ഭരണങ്ങാനം), രാമപുരം എന്നീ അഞ്ചു ഫൊറോനകൾ ചേർത്താണ് പാലാ രൂപതയുടെ ആരംഭം. രൂപതയുടെ പ്രഥമബിഷപ്പായി ഫാ. സെബാസ്റ്റ്യൻ വയലിൽ നിയമിതനായുള്ള അറിയിപ്പ് പാലായിൽ എത്തിയത് 1950 ഓഗസ്റ്റ് ഏഴിനാണ്.

1950 നവംബർ ഒമ്പതിന് മാർ സെബാസ്റ്റ്യൻ വയലിൽ റോമിലെ സെന്റ് തെരേസാസ് ബസിലിക്കയിൽവച്ച് കർദിനാൾ ടിസറാന്റ് തിരുമേനിയിൽനിന്നു മെത്രാൻപട്ടം സ്വീകരിച്ചു. 1951 ജനുവരി നാലിന് പാലാ സെന്റ് തോമസ് കത്തീദ്രലിൽവച്ച് ഇന്ത്യയിലെ പേപ്പൽ പ്രതിനിധിയായിരുന്ന ആർച്ചുബിഷപ് ലിയോ കീർക്കെൻസിന്റെ സാന്നിധ്യത്തിൽ സ്ഥാനാരോഹണം നടത്തി മാർ സെബാസ്റ്റ്യൻ വയലിൽ രൂപതയുടെ പ്രഥമബിഷപ്പായി ചുമതലയേറ്റു. കത്തീദ്രൽ പള്ളിമുറിയിലാണു പിതാവു താമസിച്ചതും കൂരിയാ ഓഫീസ് പ്രവർത്തനമാരംഭിച്ചതും. കത്തീദ്രൽ വികാരി റവ. ഫാ. എമ്മാനുവേൽ മേച്ചേരിക്കുന്നേൽ ആദ്യവികാരി ജനറാളായി നിയമിക്കപ്പെട്ടു. മറ്റു സൗകര്യങ്ങളൊന്നും നോക്കാതെ സെന്റ് തോമസ് കോളജിന്റെ കെട്ടിടംപണി പൂർത്തിയാക്കാനാണ് പിതാവ് പ്രഥമപരിഗണന നൽകിയത്.

വയലിൽപ്പിതാവ് പ്രഥമപരിഗണന നൽകിയത് വിദ്യാഭ്യാസത്തിനായിരുന്നു. 1953 ഡിസംബർ ഒന്നിന് സെന്റ് തോമസ് കോളജ് ഉദ്ഘാടനം ചെയ്തു. മാണിക്കുട്ടിയച്ചൻ (പിന്നീടു വയലിൽപ്പിതാവ്) നേതൃത്വം കൊടുത്ത് ഓരോ വീടും കയറിയിറങ്ങി പിരിവെടുത്താണ് സെന്റ് തോമസ് കോളജ് പണിതുയർത്തിയത്. ജാതിമതഭേദമെന്യേ എല്ലാവരും അതിനായി സഹകരിച്ചു. പിടിയരി മാറ്റിവച്ചാണ് അമ്മമാർ അതിനു സഹായം നൽകിയത്. ഇതിനിടെ 1951 ൽത്തന്നെ വൈദികപരിശീലനത്തിനായി ളാലം പുത്തൻ പള്ളിമേടയിൽ ഗുഡ് ഷെപ്പേർഡ് സെമിനാരി ആരംഭിച്ചു. 1952 സെപ്റ്റംബർ എട്ടിന് പാലാ ജൂബിലിക്കപ്പേളയുടെ പണി ആരംഭിച്ചു. 1953 ജനുവരി 20ന് സെന്റ് തോമസ് പ്രസ് ആരംഭിച്ചു. 1957 നവംബർ 14 ന് അധ്യാപകപരിശീലനത്തിനായി സെന്റ് തോമസ് ട്രെയിനിംഗ് കോളജും ആരംഭിച്ചു. 1959 ഓഗസ്റ്റ് 15 നാണ് ബിഷപ്സ് ഹൗസ് പൂർത്തിയാക്കിയത്. 1953 ഡിസംബർ രണ്ടിന് ഭരണങ്ങാനത്ത് അൽഫോൻസാമ്മയുടെ നാമകരണക്കോടതിയുടെ ഉദ്ഘാടനം നടത്തി.

ദൈവവിശ്വാസത്തിലും ദൈവാരാധനയിലും പാലാക്കാർ മറ്റുള്ളവർക്ക് ഇന്നും മാതൃകയാണ്. അതിരാവിലെ ദൈവാലയത്തിൽപോയി വി. കുർബാനയിൽ പങ്കെടുക്കുന്നതും വൈകിട്ട് കുടുംബപ്രാർഥന നടത്തുന്നതും പൂർവികപാരമ്പര്യമാണ്. പാലാ രൂപത ദൈവവിളിയിൽ മുന്നിട്ടുനില്ക്കുന്നതിനുള്ള പ്രധാനകാരണവും ഇതാണെന്നു പറയാം. രൂപതയിൽ ഇപ്പോൾ 17 ഫൊറോനകളും 171 ഇടവകകളും 489 വൈദികരും 2500 ലധികം സിസ്റ്റേഴ്സും 3.16 ലക്ഷം വിശ്വാസികളുമുണ്ട്. അതുപോലെ, രൂപതയിൽനിന്ന് 30 ബിഷപ്പുമാരും 2700 വൈദികരും 12000 ലധികം സമർപ്പിതരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷപ്രഘോഷണം നടത്തി ക്രൈസ്തവസാക്ഷ്യം നൽകുന്നു.



*മാർ സെബാസ്റ്റ്യൻ വയലിൽ*
*പ്രഥമമെത്രാൻ*

വിശുദ്ധരുടെ വിളനിലമാണ് പാലാ രൂപത. ഭാരതത്തിലെ ആദ്യവിശുദ്ധയായ അൽഫോൻസാമ്മയും ദളിത് കത്തോലിക്കർക്കായി ജീവിതം സമർപ്പിച്ച വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചനും തിരുഹൃദയസന്ന്യാസസഭാസ്ഥാപകൻ ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചനും ദൈവദാസൻ കണിയാരകത്ത് ബ്രൂണോ അച്ചനും ദൈവദാസി കൊളോത്താമ്മയും പാലായ്ക്കു സ്വന്തമാണ്. ഈ രൂപതയിൽ ജനിച്ചുവളർന്നവരാണ് ദൈവദാസന്മാരായ മാത്യു കാവുകാട്ടു പിതാവും കാട്ടറാത്ത് വർക്കിയച്ചനും മാധവത്ത് ആർമണ്ടച്ചനും. പറമ്പിൽ ചാണ്ടിമെത്രാനും പാറേമ്മാക്കൽ തോമാകത്തനാരും നിധീരിക്കൽ മാണിക്കത്തനാരും കുടക്കച്ചിറ അന്തോനിക്കത്തനാരും പനങ്കുഴയ്ക്കൽ വല്യച്ചനും കുട്ടൻതറപ്പേൽ ഔസേപ്പച്ചനും ജേക്കബ് താഴത്തേലച്ചനും തുടങ്ങി നിരവധി പ്രഗല്ഭർ ഈ നാടിന്റെ സന്തതികളായിരുന്നു. സാമൂഹികപ്രവർത്തനരംഗത്ത് നിസ്തുലസംഭാവനകൾ നൽകിയ ഫാ. എബ്രാഹം കൈപ്പൻപ്ലാക്കലും സാധു ഇട്ടിയവിരായും പ്രേഷിതപ്രവർത്തനം ജീവിതവ്രതമാക്കിയ പല്ലാട്ടുകുന്നേൽ കുഞ്ഞേട്ടനും, സാഹിത്യരംഗത്ത് അനശ്വരരായ മഹാകവി കട്ടക്കയം ചെറിയാൻ മാപ്പിള, പ്രവിത്താനം പി.എം. ദേവസ്യാ, സിസ്റ്റർ മേരി ബനീഞ്ഞാ എന്നിവരും പാലായുടെ അഭിമാനഭാജനങ്ങളാണ്. സഭാതാരങ്ങളായ ഡോ. എ.ടി. ദേവസ്യാ, ഡോ. സിറിയക് തോമസ്, ശ്രീ. ജോൺ കച്ചിറമറ്റം, വൈദികരത്നം ഫാ. സെബാസ്റ്റ്യൻ തുരുത്തേൽ എന്നിവർ സീറോ മലബാർ സഭയുടെ അരുമസന്താനങ്ങളാണ്.



*മാർ ജോസഫ് കല്ലറങ്ങാട്ട്*
*രൂപതാധ്യക്ഷൻ*



*മാർ ജോസഫ് പള്ളിക്കാപറമ്പിൽ*
*മുൻ അധ്യക്ഷൻ*




*മാർ ജേക്കബ് മുരിക്കൻ*
*മുൻ സഹായമെത്രാൻ*

പാലാ രൂപതയിൽ 309 സ്കൂളുകൾ പ്രവർത്തിക്കുന്നു. രൂപതയിലെ 41 ഹൈസ്കൂളുകളും കഴിഞ്ഞ അഞ്ചു വർഷമായി എസ്.എസ്.എൽ.സി. പരീക്ഷയിൽ 100 ശതമാനം വിജയം നേടി മികവാർന്ന പ്രവർത്തനം നടത്തുന്നു. രൂപതയിലെ 18 ഹയർ സെക്കൻഡറി സ്കൂളുകളും 90 ശതമാനത്തിലധികം വിജയം കരസ്ഥമാക്കി. രൂപതയിലെ 12 കോളജുകളിൽ 5 എണ്ണം എയ്ഡഡ് മേഖലയിലും 7 എണ്ണം സെൽഫ് ഫിനാൻസിങ് മേഖലയിലുമാണ്. സെന്റ് തോമസ് കോളജും ദേവമാതാ കോളജും അരുവിത്തുറ സെന്റ് ജോർജ് കോളജും നാക് അക്രഡിറ്റേഷനിൽ ഏറ്റവും ഉയർന്ന എ പ്ലസ് പ്ലസ് ഗ്രേഡ് നേടി മുൻപന്തിയിൽ നിൽക്കുന്നു. സ്ത്രീകൾക്ക് ഉന്നതവിദ്യാഭ്യാസം നൽകുന്ന അൽഫോൻസാ കോളജും അധ്യാപകപരിശീലനത്തിനായി സ്ഥാപിതമായ സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷനും മികച്ച നിലവാരം പുലർത്തുന്നു. സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന രാമപുരം മാർ ആഗസ്തീനോസ് കോളജും ചൂണ്ടച്ചേരി എൻജിനീയറിംഗ് കോളജും നാക് അക്രഡിറ്റേഷനിൽ എ ഗ്രേഡ് നേടിയ സ്ഥാപനങ്ങളാണ്. പാലാ സെന്റ് തോമസ് കോളജും ചൂണ്ടച്ചേരി എൻജിനീയറിംഗ് കോളജും ഓട്ടോണമസ് പദവി കരസ്ഥമാക്കി. ചേർപ്പുങ്കൽ മാർ സ്ലീവാ നഴ്സിങ് കോളജും ചൂണ്ടച്ചേരി ഹോട്ടൽ മാനേജുമെന്റ് ആൻഡ് കേറ്ററിംഗ് ടെക്നോളജി കോളജും തൊഴിൽദാനമേഖലയിൽ മുൻപന്തിയിലാണ്.

നമ്മുടെ ചെറുപ്പക്കാരെ സിവിൽ സർവീസ് മേഖലയിലേക്കു നയിക്കുന്നതിനായി ആരംഭിച്ച സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് അരുണാപുരത്ത് മികച്ച സൗകര്യങ്ങളോടെ പ്രവർത്തിക്കുന്നു. ഇതിനകം 365 ലധികം പേർ ഇന്ത്യൻ സിവിൽ സർവീസിൽ ഐ.എ.എസ്., ഐ.പി.എസ്. തുടങ്ങിയ ഉന്നതതസ്തികകളിൽ എത്തുന്നതിന് സ്ഥാപനം സഹായകമായി. മെഡിക്കൽ-എൻജിനീയറിംഗ് പരിശീലനത്തിനായി രൂപതാംഗങ്ങളായ അധ്യാപകശ്രേഷ്ഠർ നടത്തുന്ന ബ്രില്യന്റ് സ്റ്റഡി സെന്ററും പാലായുടെ അഭിമാനമേറ്റുന്നു. അങ്ങനെ, പാലാ ഒരു വിദ്യാഭ്യാസഹബ്ബായി മാറിയിരിക്കുകയാണ്.

ആധുനികലോകത്തിന്റെ സങ്കീർണതകളിൽ കുടുംബങ്ങൾക്കു താങ്ങായി ഫാമിലി അപ്പോസ്തലേറ്റ് രൂപതയിൽ മികച്ച പ്രവർത്തനം നടത്തുന്നു.

(ശേഷം 6-ാം പേജിൽ)



എതിരൻ കതിരവൻ

# നിർമിതബുദ്ധി ആശങ്കകൾ അനിവാര്യം



സ്വയം നിയന്ത്രിക്കാനുള്ള കഴിവ് നിർമിതബുദ്ധി നേടിയെടുത്തിട്ടുണ്ട്. അല്ലെങ്കിൽ, നമ്മൾ അതിന് ആ കഴിവ് കല്പിച്ചുനൽകിയിട്ടുണ്ട്. സ്വയം ഇരട്ടിക്കാനും തൽസ്വരൂപം കൂടുതലെണ്ണം നിർമിച്ചെടുക്കാനും അവയ്ക്കു കഴിവുകളുണ്ടെന്നത് അറിയുക. സ്വയം തീരുമാനങ്ങളെടുക്കാനുള്ള കഴിവാണ് അവയെ നിയന്ത്രിക്കുന്നത്. അതിനെ വെല്ലുന്നതിൽ നമ്മൾ പരാജയപ്പെട്ടേക്കാമെന്ന ആശങ്കയ്ക്കാണ് വഴിവയ്ക്കുന്നത്. സോഫ്റ്റ്വെയറിനെ നിയന്ത്രിക്കുകയെന്നത് ഒരു പഴയ പ്രശ്നമാണ്, കുരുക്കഴിക്കാൻ നമുക്കു സാധ്യമല്ലെന്നു തെളിയിക്കപ്പെട്ടതാണ്. കമ്പ്യൂട്ടർ 'പുഴുക്കൾ' പെറ്റുപെരുകാൻ പ്രാപ്തമായവരാണ്. കാണാമറയത്താണവർ, കണ്ടുപിടിക്കാൻ പറ്റില്ല അവരെ. 'ഹാക്കിങ്ങി'ൽ കുപ്രസിദ്ധി നേടിയവരാണീ പുഴുക്കൾ. സമൂഹത്തെ കൗശലം കൊണ്ടു സ്വാധീനിക്കാനും കഴിവുണ്ട്. നിനച്ചിരിയാതെ അവയെ നിയന്ത്രിക്കേണ്ട വെല്ലുവിളികളും വന്നുഭവിക്കും.

അനധികൃതവും അനാവശ്യവുമായ ഉദ്ദേശലക്ഷ്യങ്ങൾ സാധിച്ചെടുക്കാൻ നിർമിതബുദ്ധി നമ്മുടെ വിശ്വാസം നേടിയെടുത്തേക്കാം. അതിനുള്ള ചാതുര്യവും വിഭവങ്ങളും സമാഹരിച്ചേക്കാം. പ്രധാനതീരുമാനങ്ങളെടുക്കുന്നവരെ സ്വാധീനിക്കുകയും ചെയ്തേക്കാം. മനുഷ്യരുടെ ഇടപെടൽ ഒഴിവാക്കാൻ നിർമിതബുദ്ധിയുടെ അൽഗോരിതങ്ങൾ ആഗോള സേർവർ നെറ്റ്‌വർക്കുകളിൽ പകർപ്പെടുത്തു സൂക്ഷിച്ചേക്കാം. തുറന്ന യുദ്ധത്തിനു തയ്യാറായേക്കും ഈ കൃത്രിമ ബുദ്ധി. ജൈവായുധങ്ങൾവരെ ഉപയോഗിക്കാൻ തുനിഞ്ഞേക്കാം. മിലിറ്ററിയുടെ തന്ത്രങ്ങൾ - പലപ്പോഴും ഓട്ടോമാറ്റിക് ആയിട്ടുള്ളവ - നിർമിതബുദ്ധി അതിന്റെ താത്പര്യങ്ങൾക്കായി ഉപയോഗിക്കുന്നതാണ് മറ്റൊരു സാധ്യത. വരും വരായ്കയെപ്പറ്റി കൂസലില്ലാത്തതിനാൽ തന്ത്രങ്ങൾ നിർബാധം ഉപയോഗത്തിൽ വരുത്തിയേക്കാം. പ്രായോഗികക്ഷമതയുടെ പേരിൽ കമ്പനികളും ഗവണ്മെന്റുകളും മിലിറ്ററിയും നിർമിതബുദ്ധിയെ എല്ലാക്കാര്യങ്ങളും ഏല്പിച്ചേക്കാം. ഇത് അപകടസാധ്യത വർധിപ്പിക്കുകയും ചെയ്യുമെന്ന് നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ശ്രദ്ധിക്കപ്പെടേണ്ട മറ്റൊരു കാര്യം, അധികം മുന്നറിയിപ്പൊന്നും തരാതെ ഒരിക്കലും തിരിച്ചെടുക്കാനാവാതെ, സ്വയം പ്രവർത്തിക്കുന്ന നിർമിതബുദ്ധി എന്നന്നേക്കുമായി നമ്മുടെ നിയന്ത്രണം ഏറ്റെടുക്കുമെന്ന സത്യമാണ്. മനുഷ്യരുടെ ഇടപെടൽ സമൂലം ഒഴിവാക്കാൻ സാമർഥ്യം നേടിയ ശക്തിയോടാണ് നമ്മൾ എതിരിടാൻ ശ്രമിക്കുന്നതെന്നതു ഭീതിദമാണ്. തോതുകൾക്കപ്പുറമുള്ള സൈബർ കുറ്റങ്ങൾ, സമൂഹത്തെ വളച്ചൊടിക്കൽ, മറ്റു കുറ്റകരമായ ഇടപെടലുകൾ ഒക്കെ ക്രമാതീതമായി അതിവേഗം വർധമാനമായേക്കാം. വിലക്കുകളില്ലാതെ മുന്നേറുന്ന എഐ മനുഷ്യജീവനുതന്നെ അപകടകരമായേക്കാം. ജീവജാലങ്ങളെയും ഇതു ബാധിച്ചേക്കാം, മനുഷ്യത്വം പാർശ്വവത്കരിക്കപ്പെടാം, മനുഷ്യകുലത്തിന്റെ അന്തിമനാളുകൾ അണഞ്ഞേക്കാം.

**എന്തുചെയ്‌വൂ നാമിപ്പോൾ...**

ഈ അപകടസാധ്യതകൾ ചാതുര്യത്തോടെ കൈകാര്യം ചെയ്യാനുള്ള വഴിയിലല്ല നാമിപ്പോൾ. മാനവരാശിയാകട്ടെ നിർമിതബുദ്ധിയെ കൂടുതൽ ശക്തിയാർജിച്ചതാക്കാൻ വിഭവങ്ങൾ വൻതോതിൽ കോരിച്ചൊരിയുകയാണ്, സുരക്ഷയെക്കുറിച്ചോ വിനാശസാധ്യതകളെക്കുറിച്ചോ അധികം വേവലാതിപ്പെടാതെ. നിർമിതബുദ്ധിയെക്കുറിച്ച് എഴുതപ്പെടുന്ന ലേഖനങ്ങളിൽ ഒരു ശതമാനം മുതൽ മൂന്നു ശതമാനംവരെയേ സുരക്ഷാസംബന്ധിയായിട്ടുള്ളത് ഇതുവരെയുള്ളൂ. എഐ ഒരു അനുഗ്രഹമായി കരുതണമെങ്കിൽ നമ്മൾ മാറിച്ചിന്തിക്കേണ്ടിയിരിക്കുന്നു, അതിന്റെ ശക്തിയെ പിന്തുണച്ചാൽമാത്രം മതിയാകില്ല. ഇതിനുവേണ്ടിയുള്ള പശ്ചാത്തലം ഒരുക്കുന്നതിൽ നമ്മൾ അതിദൂരം പിന്നിലാണ്. അപകടത്തിന്റെ, വിനാശത്തിന്റെ തോത് അതിവേഗം ഉയരുകയാണ്. നമ്മൾ മുൻകൂറായി പ്രവർത്തിച്ചേ പറ്റൂ. ഒട്ടും തയ്യാറാകാതെയുള്ള നടപടികൾക്കു വൻവിലയാണ് കൊടുക്കേണ്ടിവരിക. പാകമാകാത്ത, സൂക്ഷ്മോദ്ദേശ്യം പേറാത്ത ചെയ്തികൾ അവസാനനിമിഷം ചെയ്യേണ്ടിവരികയെന്നത് ആത്മഹത്യാപരമാണ്.

സാങ്കേതികമായി പലതരത്തിലുള്ള തുറന്ന വെല്ലുവിളികൾ ഇപ്പോൾ നിലവിലുണ്ട്, സുരക്ഷാസംബന്ധിയായി. ധാർമികപരമായി അതിസ്വാതന്ത്ര്യം നേടിയെടുത്ത നിർമിതബുദ്ധിയെ ധാർമികപരമായും നേരിടേണ്ടിയിരിക്കുന്നു. എഐയുടെ കഴിവുകൾ ശീഘ്രതരം വർധിപ്പിക്കാൻ പാടുപെടുന്നതുപോലെയല്ലിത്; ഈ വെല്ലുവിളികൾ നേരിടേണ്ടത് കൂടുതൽ കമ്പ്യൂട്ടിങ് ശക്തി ഉപയോഗിച്ച് വലിയ മാതൃകകളെ (large models) പരിശീലിപ്പിച്ചല്ല. താനേ നന്നായിക്കൊള്ളും എന്നുകരുതാൻ പറ്റുന്ന ശക്തികളല്ല നിർമിതബുദ്ധി പേറുന്നത്. ആത്മാർപ്പണത്തോടെയുള്ള ഗവേഷണങ്ങളും സാങ്കേതികനടപടികളും ഇപ്പോൾത്തന്നെ നടപ്പാക്കേണ്ടതുണ്ട്. സ്വാതന്ത്ര്യം പ്രഖ്യാപിച്ച ഈ ശക്തിമാനെ നേരിടാൻ ആസൂത്രണങ്ങളിൽ ഒരു കുതിച്ചുചാട്ടംതന്നെ വേണ്ടിവരികയാണ്, സാങ്കേതികവൈദഗ്ധ്യവും പ്രവർത്തനങ്ങളുംമാത്രം ഈ വെല്ലുവിളികളെ നേരിട്ടു ഫലപ്രാപ്തിയിലെത്തിക്കുമെന്ന് ഉറപ്പുമില്ല. താരതമ്യമായി വളരെ ചെറിയ സംരംഭങ്ങളേ ഇതുവരെ നടപ്പിൽ വരുത്തിയിട്ടുള്ളൂ, ഗവേഷണങ്ങളും അനുബന്ധവികസനങ്ങളും മുന്നേറേണ്ടിയിരിക്കുന്നു; അപകടസാധ്യതകളെക്കുറിച്ച് വൻതിരിച്ചറിവ് സമൂഹത്തിനുമാത്രമല്ല, നിയന്ത്രണാധികാരമുള്ള ഗവണ്മെന്റുകൾക്കും കൈവരേണ്ടതാണ്.

ആദ്യപടിയായുള്ള ഗവേഷണ /വികസന (Research and Development) പ്രവർത്തനങ്ങൾ സുരക്ഷാസംബന്ധിയായിട്ടുള്ളതാകണമെന്നതിൽ രണ്ടു പക്ഷമില്ല. ഈ പുരോഗമനമില്ലാതെ ഡെവലപ്പർമാർ അപായകരമായ സിസ്റ്റം നിർമിച്ചെടുക്കുന്ന അപകടത്തിലേക്കു വഴുതിവീണേക്കാം. അല്ലെങ്കിൽ കൂടുതൽ വിപത്തിനു തയ്യാറാകുന്ന രീതിയിലുള്ള മത്സരങ്ങളിൽ പിന്നിലാക്കപ്പെടാം. സുരക്ഷ പ്രദാനം ചെയ്യാൻ സാധ്യത ഉളവാകുന്നില്ലെങ്കിൽ ഭരണകൂടത്തിന്റെ ഉത്കടമായ ഇടപെടലുകൾ അത്യാവശ്യമാണെന്ന നിലപാട് വന്നുചേരേണ്ടതാണ്.

ജോലികളെല്ലാം യന്ത്രവത്കരിക്കണമോ, മാനസിക സംതൃപ്തി തരുന്നവയാണെങ്കിലും? മാനുഷികമല്ലാത്ത മനസ്സു സൃഷ്ടിച്ചെടുക്കണമോ, നമ്മളെ ബുദ്ധിശക്തിയിൽ തോൽപ്പിക്കുന്നവ, നമ്മളെ മാർജിനിൽ പെടുത്തി ആധിപത്യം നേടുന്നവ? നമ്മുടെ സംസ്കൃതിയെ അപകടത്തിലാക്കുന്ന ഈ ശക്തിയെ നിലയ്ക്കുനിറുത്തുന്നത് എങ്ങനെയാണ്? ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിയേ തീരൂ.

ഫ്യൂച്ചർ ഓഫ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് (മാക്സ് റ്റെഗ്മാർക്കിന്റെ നേതൃത്വത്തിൽ 2014 ൽ തുടങ്ങിയതാണ് ഈ ആഗോളസംരംഭം) ഏറ്റവും മുന്നേറിയ നിർമിതബുദ്ധിയെ നിർമിച്ചെടുക്കാനുള്ള ഉദ്യമങ്ങൾക്ക് ആറു മാസത്തെ സാവകാശം വേണമെന്ന് ഈയിടെ ആവശ്യപ്പെട്ടിരിക്കയാണ്. ഇലോൺ മസ്കും ഭാവിയെക്കുറിച്ച് ആശങ്കയുള്ള മറ്റു സാങ്കേതികപ്രവർത്തകരും ഈ സ്ഥാപനം തയ്യാറാക്കിയ എഴുത്തിൽ ഒപ്പുവച്ചിട്ടുണ്ട്. മനുഷ്യനെ കീഴടക്കുന്ന യന്ത്രങ്ങൾ, റോബോട്ടുകൾ ഇവയൊക്കെ കഥകളിലും നോവലുകളിലും ഹോളിവുഡ് സിനിമകളിലും ഒതുങ്ങിനിന്നിരുന്നത് ഇപ്പോൾ യഥാർഥരൂപം കൈവരിച്ച് നമ്മുടെ ഇടയിലേക്ക് ഇതാ വന്നുചേരുകയാണ്. ■



*സീറോ മലബാർസഭ മാതൃവേദി ഗ്ലോബൽ എക്സലന്റ് അവാർഡ് മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിൽനിന്ന് പാലാ രൂപത മാതൃവേദി അംഗങ്ങൾ ഏറ്റുവാങ്ങുന്നു. കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ, മാതൃവേദി പാലാ രൂപത ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിൽ എന്നിവർ സമീപം.*

പാലാ രൂപതയിലെ അമ്മമാരുടെ സംഘടനയായ മാതൃവേദിക്ക് സീറോ മലബാർ മാതൃവേദിയുടെ ആദരവ്. സീറോ മലബാർ സഭയിലെ 35 രൂപതകളിലും വളരെ സജീവമായി പ്രവർത്തിക്കുന്ന മാതൃവേദിയുടെ 2023 പ്രവർത്തനവർഷത്തെ വിലയിരുത്തലിലാണ് പാലാ രൂപത മാതൃവേദിയെ എക്സലന്റ് അവാർഡിന് അർഹമാക്കിയത്. 171 ഇടവകകളിലും വളരെ സജീവമായി പ്രവർത്തിക്കുന്ന മാതൃവേദി കഴിഞ്ഞ വർഷം രൂപതാതലത്തിൽ നടപ്പാക്കിയ അൽഫോൻസാതീർഥാടനം, ബൈബിൾ രചന, കുഞ്ഞച്ചൻതീർഥാടനം, കുടുംബസംഗമങ്ങൾ, ബൈബിൾ പഠനക്കളരി, വിവിധ കലാമത്സരങ്ങൾ എന്നിവ പ്രവർത്തനമികവായി വിലയിരുത്തപ്പെട്ടു.

# ദീപനാളം

കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ




ദൈവമേ, അങ്ങ് ആകാശത്തിനുമേൽ ഉയർന്നു നിൽക്കണമേ; അങ്ങയുടെ മഹത്ത്വം ഭൂമിയിലെങ്ങും നിറയട്ടെ!

സങ്കീർത്തനങ്ങൾ 57:5

**എഡിറ്റോറിയൽ**

# വൃത്തിബോധമില്ലാത്ത വിദ്യാഭ്യാസംകൊണ്ട് എന്തുകാര്യം?

**കേ**രളത്തെ സമ്പൂർണ മാലിന്യമുക്തസംസ്ഥാനമാക്കാൻ സർക്കാർ ആറുമാസത്തെ തീവ്രജനകീയപ്രചാരണയജ്ഞത്തിനു തുടക്കംകുറിക്കുകയാണ്. ഗാന്ധിജയന്തിദിനമായ ഒക്ടോബർ രണ്ടിനാരംഭിച്ച് അന്താരാഷ്ട്രമാലിന്യമുക്തദിനമായ അടുത്ത മാർച്ച് 30 വരെ നീളുന്നതാണ് മാലിന്യത്തിനെതിരായ ഈ പോരാട്ടം. മാർച്ച് 30 ന് സംസ്ഥാനത്തെ സമ്പൂർണശുചിത്വകേരളമായി പ്രഖ്യാപിക്കും. മാലിന്യമുക്തനവകേരളപ്രചാരണപരിപാടികൾക്ക് എല്ലാ രാഷ്ട്രീയകക്ഷികളുടെയും പൊതുജനങ്ങളുടെയും സഹകരണമുണ്ടാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സർവകക്ഷിയോഗത്തിൽ അഭ്യർഥിച്ചു. കേരളത്തിന്റെ ഈ പൊതുപ്രശ്നം പരിഹരിക്കുന്നതിനു സർവപിന്തുണയുമുണ്ടാകുമെന്നു പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ ഉറപ്പുനല്കി.

കൊച്ചി ബ്രഹ്മപുരത്തെ മാലിന്യകേന്ദ്രത്തിലുണ്ടായ വൻ അഗ്നിബാധയും, ഈയിടെ തിരുവനന്തപുരത്ത് ആമയിഴഞ്ചാൻതോട്ടിൽ മാലിന്യം നീക്കാനിറങ്ങിയ തൊഴിലാളിയുടെ ദാരുണാന്ത്യവും കേരളത്തിന്റെ കണ്ണുതുറപ്പിക്കുന്നതായിരുന്നു. ദൈവത്തിന്റെ സ്വന്തം നാട്ടിൽ കാലങ്ങളായി ശാപമോക്ഷമില്ലാതെ പെരുകുന്ന മാലിന്യക്കൂമ്പാരത്തെ നിർമാർജനം ചെയ്യുന്നതിനു ജനങ്ങളുടെ മനോഭാവത്തിലാണ് കാതലായ മാറ്റമുണ്ടാവേണ്ടത്. ഒപ്പം, ത്രിതലപഞ്ചായത്തിലടക്കമുള്ള സർക്കാർസംവിധാനങ്ങൾ സുസജ്ജമാവുകയും ജനങ്ങളുടെ കൂട്ടായ സഹകരണം ഉറപ്പാക്കുകയും വേണം.

ശുചിത്വമിഷന്റെ കണക്കുപ്രകാരം, കേരളത്തിൽ ദിനംപ്രതി ഉണ്ടാകുന്നത് 10,090.11 ടൺ മാലിന്യമാണ്. അതിൽ 7408.28 ടൺ ജൈവവും, 2681.83 ടൺ അജൈവവുമാണ്. സംസ്ഥാനത്തു മാലിന്യത്തിന്റെ വളർച്ച 2022-23 ൽ 30,416 (ടൺ കണക്കിൽ) ആയിരുന്നെങ്കിൽ 2023-24 ൽ അത് 47,549 ആയി വർധിച്ചു. മാലിന്യമുക്തകേരളം യാഥാർഥ്യമാകാൻ മാസങ്ങൾ മാത്രം അവശേഷിച്ചിരിക്കേ, ഒരു ദിവസം നിർമാർജനം ചെയ്യുന്ന മാലിന്യം, സർക്കാർ കണക്കനുസരിച്ച് 12005 ടണ്ണാണ്. ജനം അലക്ഷ്യമായി വലിച്ചെറിയുന്നതുൾപ്പെടെ കണക്കിൽപ്പെടാത്തതുകൂടി ചേർത്താൽ 15,000 ടണ്ണെങ്കിലും വരും.

ആറുമാസത്തെ ജനകീയ പ്രചാരണയജ്ഞത്തിന് ഉറച്ച നിലപാടുകളുമായി ഉണർന്നു പ്രവർത്തിക്കാനുള്ള സർവകക്ഷിയോഗതീരുമാനങ്ങൾ ശുഭോദർക്കമാണ്. കടകളിലും വ്യാപാരസ്ഥാപനങ്ങളിലും നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ഇല്ലെന്ന് ഉറപ്പാക്കും. അവ സംസ്ഥാനത്തേക്കു കടത്തുന്നില്ലെന്നുറപ്പാക്കാൻ അതിർത്തികളിലും ചെക്ക്പോസ്റ്റുകളിലും പരിശോധന നിർബന്ധമാക്കും. നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിർമിക്കുന്ന സ്ഥാപനങ്ങൾ, മൊത്തക്കച്ചവടക്കാർ, സംഭരിക്കുന്നവർ എന്നിവർക്കെതിരേ കടുത്ത നടപടിയുണ്ടാകും. പ്ലാസ്റ്റിക് പദാർഥങ്ങളുടെ ഉപയോഗം കുറയ്ക്കാൻ ബോധവത്കരണം കാര്യക്ഷമമാക്കും. മാലിന്യം വലിച്ചെറിയുന്നവരെ കുടുക്കാൻ എ.ഐ. കാമറകൾ സ്ഥാപിക്കും. ജനപങ്കാളിത്തത്തോടെ വിജിലൻസ് സ്ക്വാഡിന്റെയും പൊലിസിന്റെയും പരിശോധന ശക്തമാക്കും. മാലിന്യത്തിന്റെ അളവു കുറയ്ക്കുന്നതിനും തരംതിരിക്കുന്നതിനും ഉറവിടത്തിൽ സംസ്കരിക്കുന്നതിനും അജൈവപാഴ്വസ്തുക്കൾ ഹരിതകർമസേനയ്ക്കു കൈമാറുന്നതിനുമുള്ള പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കാനാണു തീരുമാനം.

അതേസമയം, റോഡരികിലും ജലാശയങ്ങളിലും പുറംപോക്കിലുമൊക്കെ കാലങ്ങളായി അടിഞ്ഞുകൂടിയ ടൺകണക്കിനു മാലിന്യം ഏതാനും മാസങ്ങൾക്കുള്ളിൽ പൂർണമായും നിർമാർജനം ചെയ്യാനാകുമോ എന്നത് ചോദ്യചിഹ്നമായി അവശേഷിക്കുന്നു. കാരണം, അത്രയേറെ വെല്ലുവിളികളും പോരായ്മകളും നിലനിൽക്കുന്ന സങ്കീർണമായ സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. മാലിന്യസംസ്കരണം പ്രധാന ഉത്തരവാദിത്വമായി ഒരു കാലത്തും തദ്ദേശസ്ഥാപനങ്ങൾ കാണാത്തത് പ്രധാന പോരായ്മയാണ്. ഹരിതകർമസേനയുടെ വാതിൽപ്പടിശേഖരണം കാര്യക്ഷമമായി പലയിടങ്ങളിലും നടക്കുന്നില്ല. സംഭരിക്കുന്ന മാലിന്യം സംസ്കരിക്കാനുള്ള പ്ലാന്റുകൾ സ്ഥാപിക്കാൻ സ്ഥലം കിട്ടാത്തതും, കിട്ടിയാൽത്തന്നെ ജനങ്ങളുടെ പ്രാദേശിക എതിർപ്പും കീറാമുട്ടിയാണ്. തരംതിരിച്ച മാലിന്യം നിക്ഷേപിക്കാൻ ബിന്നുകൾ നഗരസഭാപരിധിക്കുള്ളിലെ പ്രധാന കേന്ദ്രങ്ങളിലെങ്കിലും സ്ഥാപിക്കാൻ ഉത്തരവാദിത്വപ്പെട്ടവർ അലംഭാവം കാണിക്കുന്നതും വലിയ പോരായ്മയാണ്.

മാലിന്യനിർമാർജനം ഓരോ പൗരന്റെയും ഉത്തരവാദിത്വമാണെന്ന ഉയർന്ന സാംസ്കാരികാവബോധത്തിലേക്കു വിദ്യാഭ്യാസം നമ്മെ കൈപിടിച്ചുയർത്തണം. വീടും പരിസരവും നാടും വൃത്തിയുള്ളതായിരിക്കണമെന്ന പൗരബോധത്തിലേക്കു നാമിനിയും വളരാനുണ്ടെങ്കിൽ അതിനു കാരണം നമ്മുടെ വിദ്യാഭ്യാസത്തിന്റെ പരാജയംതന്നെയാണെന്നു സമ്മതിച്ചേ പറ്റൂ. വാസ്തവത്തിൽ, ഈയൊരു തിരിച്ചറിവാണ് മാലിന്യമുക്തകേരളസൃഷ്ടിയുടെ ആദ്യപടി. സ്വന്തം വീടുകളിലെ മാലിന്യങ്ങൾ റോഡുകളിലേക്കും തോടുകളിലേക്കും വലിച്ചെറിയുന്ന മലയാളിയുടെ മനോഭാവത്തിനു കാതലായ മാറ്റമുണ്ടാവണം. പൊതുനിരത്തിൽ തുപ്പുന്നതും വിസർജിക്കുന്നതുമൊക്കെ കുറ്റകരവും സമൂഹദ്രോഹവുമായി കണക്കാക്കപ്പെടുന്ന കാഴ്ചപ്പാടുകൾ നമ്മുടെ പഠനപരിശീലനപ്രക്രിയയിലുണ്ടാകണം. ശുചിത്വത്തെക്കുറിച്ചു വീടുകളിലും വിദ്യാലയങ്ങളിലും ഉത്തവാദിത്വപ്പെട്ടവർ പരിശീലനം കൊടുക്കുന്നില്ലെങ്കിൽ നാം ആരെയാണു പഴിക്കേണ്ടത്? മഴക്കെടുതികളും പകർച്ചപ്പനികളുംകൊണ്ടു പൊറുതിമുട്ടുന്ന വർത്തമാനകാല കേരളീയാന്തരീക്ഷത്തിൽ രോഗവിമുക്തമായ ഒരു സമൂഹത്തെ വാർത്തെടുക്കേണ്ടത് ഓരോ വ്യക്തിയുടെയും അടിസ്ഥാനധർമമായി കണക്കാക്കാൻ വിദ്യാഭ്യാസം നമ്മെ പ്രേരിപ്പിക്കട്ടെ. പാഞ്ചാലിമേട് ടൂറിസ്റ്റ് കേന്ദ്രത്തിന്റെ കവാടത്തിലെ ഒരു ബോർഡിൽ കണ്ട വാചകം ഓർമിപ്പിച്ചുകൊണ്ട് ഈ മുഖപ്രസംഗം ഉപസംഹരിക്കുന്നു: "നിങ്ങൾ വലിച്ചെറിയുന്ന മാലിന്യം മറ്റൊരാൾ വൃത്തിയാക്കണമെന്നുണ്ടെങ്കിൽ നിങ്ങളുടെ വിദ്യാഭ്യാസംകൊണ്ട് എന്തു പ്രയോജനം?"

# അൽഫോൻസിയൻ ദർശനത്തിന്റെ കാതൽ



**പ്രതികരണം**

ദീപനാളം ജൂലൈ 25 ലക്കത്തിൽ ബിഷപ് മാർ ജേക്കബ് മുരിക്കൻ രചിച്ച ലേഖനം ചിന്തോദ്ദീപകമായിരുന്നു. സഹിക്കുന്നവരോടു പക്ഷം ചേരുന്ന അൽഫോൻസിയൻ ദർശനത്തെക്കുറിച്ചാണ് അദ്ദേഹം എഴുതിയത്. സഹനത്തിന്റെ മൂല്യത്തെ സുലളിതമായി വ്യാഖ്യാനിക്കുന്ന നല്ലൊരു ലേഖനമായിരുന്നു അതെന്നു പറയട്ടെ.

സഹനത്തെ കൈനീട്ടി സ്വീകരിച്ചവളായിരുന്നു അൽഫോൻസാമ്മ. ആ വിശുദ്ധവഴി ധാരാളം അനുഗ്രഹങ്ങൾ വിശ്വാസികൾക്കു ലഭിക്കുന്നുമുണ്ട്. പ്രാർഥനകളും യാചനകളും അപേക്ഷകളുമായി തന്നെ സമീപിക്കുന്നവർക്ക് അവൾ അനുഗ്രഹത്തിന്റെ വരമാരി തന്റെ ദിവ്യമണവാളനോടു ചോദിച്ചുവാങ്ങി നിരന്തരം ചൊരിഞ്ഞുകൊണ്ടേയിരിക്കുന്നു. മുരിക്കൻ പിതാവു മുന്നോട്ടുവയ്ക്കുന്ന അൽഫോൻസിയൻ ദർശനം മറ്റൊന്നാണ്. ഈശോയുടെ സഹനത്തോടു ചേരാൻ, ആ സഹനം ഇന്നു ജീവിക്കുന്ന സാഹചര്യത്തിൽ എപ്രകാരം നമ്മുടെ സമൂഹത്തോടു ബന്ധപ്പെടുത്താൻ സാധിക്കുമെന്നാണ് അദ്ദേഹം ഉയർത്തുന്ന ചോദ്യം. ഈശോയുടെ മുറിപ്പാടുകളിലേക്കു നോക്കി സ്വജീവിതത്തെ അൽഫോൻസാമ്മ പൂർണമായി ദൈവസന്നിധിയിൽ സമർപ്പിച്ചു. ആ മുറിപ്പാടുകളിലേക്കു നോക്കിയപ്പോൾ തനിക്കു ലഭിച്ച സഹനത്തിന്റെ അർഥം ഉൾക്കൊള്ളാൻ അവൾക്കു സാധിച്ചുവെന്നാണ് ബിഷപ് ചൂണ്ടിക്കാട്ടുന്ന കാര്യം.

സഹിക്കുന്നവരോടൊത്തു നില്ക്കുമ്പോഴാണ് ദൈവരാജ്യത്തിന്റെ ശക്തമായ രൂപമായി സഭയെ ലോകത്തിനു കാണാൻ സാധിക്കുന്നതെന്ന അദ്ദേഹത്തിന്റെ കാഴ്ചപ്പാട് ഏറെ ചിന്തനീയമാണ്. ലോകത്തു ഹൃദ്രോഗവും കാൻസറും കിഡ്നിരോഗവുമായി വിഷമിക്കുന്ന അനേകരിലേക്കു പിതാവു വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. ഏറെ പണച്ചെലവുള്ള ഡയാലിസിസിലൂടെ ജീവിതം തള്ളിനീക്കാൻ വിഷമിക്കുന്ന അനേകായിരങ്ങളാണ് ഇന്നു കേരളത്തിലുള്ളത്. അവർ മാത്രമല്ല, അവരുടെ കൂടെയുള്ള ബന്ധുക്കളും ഈ വേദന അനുനിമിഷം അനുഭവിക്കുന്നുവെന്ന സത്യം അദ്ദേഹം നമ്മെ ഓർമിപ്പിക്കുന്നു. ഈ വേദനിക്കുന്ന മനുഷ്യരുടെ നൊമ്പരം ഉൾക്കൊള്ളുമ്പോഴാണ് നമ്മുടെ ജീവിതം അർഥപൂർണമാകുന്നതെന്നും അതാണ് അൽഫോൻസിയൻ ദർശനത്തിന്റെ കാതലെന്നും പിതാവ് നമ്മോടു പറയുകയാണ്. അൽഫോൻസാമ്മ താൻ മാത്രം വേദനിക്കുന്നുവെന്നല്ല ചിന്തിച്ചത്; വേദനിക്കുന്ന അനേകരെ ആ വിശുദ്ധ തന്റെ വേദനയിൽ കണ്ടു.

ഉദാത്തമായ ലേഖനത്തിലൂടെ വായനക്കാരെ ധന്യരാക്കി മുരിക്കൻപിതാവിനും ദീപനാളത്തിനും അഭിനന്ദനങ്ങൾ!


**ദീപാ സെബാസ്റ്റ്യൻ, പാലാ**




## Cosmic Spirituality

ഗ്രന്ഥകർത്താ : ഡോ. മൈക്കിൾ പുത്തൻതറ
പ്രസാധനം : വിൻകോ ബുക്സ്, കോട്ടയം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 250 രൂപ


This book represents a new paradigm, an out-of-the-box thinking that links spirituality with the awesome immensity, grandeur, and splendor of the cosmos. It is a well-thought out response to jesus admonition to worship God in 'Spirit and truth.'




## ചിന്തേര്

ഗ്രന്ഥകർത്താ : ഫാ. ജോസ് മരിയദാസ് ഒഐസി
പ്രസാധനം : എസ്.എച്ച്. ലീഗ് പബ്ലിക്കേഷൻ ട്രസ്റ്റ്, ആലുവ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 250 രൂപ

മതാത്മകതയും ആചാരാനുഷ്ഠാനങ്ങളും മാനുഷികബലഹീനതകളും ആത്മീയതയിൽ സൃഷ്ടിക്കുന്ന സംഘർഷം, വ്യക്തിയുടെ ആത്മസംഘർഷമായി പരിണമിക്കും. അന്വേഷകന്റെ ഉള്ളം ചിന്തേരിടുന്ന ഈ ആത്മസംഘർഷങ്ങളുടെ കനൽവഴികളിലൂടെ ഒരു യാത്രയാണീ നോവൽ.







**ഓഗസ്റ്റ് 11**
**കൈത്താക്കാലം**
**ആറാം ഞായർ**

**ഉത്പ 8:1–11**
**ഉത്തമ 6:1–4**
**വെളി 21:9–14**
**യോഹ 6:16–24**



**ഫാ. ഡോ. തോമസ് വടക്കേൽ**

# ഈശോ അവരോടു പറഞ്ഞു; ഞാനാണ് ഭയപ്പെടേണ്ട!



**കൈ**ത്താക്കാലം സഭയുടെ വളർച്ചയെയും ആത്മീയവിളവെടുപ്പിനെയും അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ആരാധനക്രമകാലഘട്ടമാണ്. ഈ കാലത്തിലെ വായനകളിൽ സഭ എന്താണെന്നുള്ള യാഥാർഥ്യം വിശുദ്ധഗ്രന്ഥപ്രതീകങ്ങളിലൂടെ അവതരിപ്പിക്കുകയും വായനക്കാരന്റെ മനസ്സിൽ 'സഭാകാഴ്ചപ്പാട്' വളർത്തുകയും ചെയ്യുന്നുണ്ട്. കൈത്താക്കാലം ആറാം ഞായറിൽ സഭയുടെ പ്രതിരൂപമായ നോഹയുടെ പേടകത്തെക്കുറിച്ചും മണവാട്ടിയായ സഭയെപ്പറ്റിയും സ്വർഗീയജറുസലെമാകുന്ന സഭയെക്കുറിച്ചും സഭയാകുന്ന നൗകയെക്കുറിച്ചും പ്രതിപാദിക്കുന്നു.

ഒന്നാം വായനയിൽ (ഉത്പ. 8:1–11) ജലപ്രളയത്തിന്റെ പശ്ചാത്തലത്തിൽ നോഹയെയും പെട്ടകത്തെയും മറ്റുള്ളവരെയും ദൈവം ഓർക്കുന്നതിനെക്കുറിച്ചും; രണ്ടാം വായനയിൽ (ഉത്തമ. 6:1–4), ദൈവവും മണവാട്ടിയായ ഇസ്രയേലും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും; മൂന്നാം വായനയിൽ (വെളി. 21:9–14) കുഞ്ഞാടിന്റെ മണവാട്ടിയായ മഹത്ത്വീകൃതസഭയുടെ ചിത്രം സ്വർഗീയജറുസലേമിന്റെ പ്രതീകത്തിലൂടെ അവതരിപ്പിക്കുന്നതിനെക്കുറിച്ചും, നാലാം വായനയിൽ (യോഹ. 6:16–24) ശക്തിയേറിയ കാറ്റിൽ ആടിയുലഞ്ഞ വള്ളത്തിലകപ്പെട്ട ശിഷ്യസമൂഹത്തെ സംരക്ഷിക്കുന്ന ഈശോയെക്കുറിച്ചും നാം ശ്രവിക്കുന്നു.

**ഉത്പത്തി 8:1–11:** മനുഷ്യൻ തിന്മയുടെയും ദുഷ്ടതയുടെയും വഴികളിൽ ചരിച്ചപ്പോൾ അവനു നേരിടേണ്ടിവന്നത് നാശകരമായ ഒരു ജലപ്രളയമാണ് (ഉത്പ. 6:5–9:17). നീതിമാനായി ജീവിച്ച നോഹയും കുടുംബാംഗങ്ങളും ദൈവകല്പനയനുസരിച്ച് പെട്ടകത്തിൽ നോഹ കയറ്റിയ ജീവജാലങ്ങളും പ്രളയത്തെ അതിജീവിച്ചു. കാരണം, 'ദൈവം അവരെ ഓർത്തു' (8:1). 'God remebered Noah' എന്ന പ്രസ്താവന ഏറെ ശ്രദ്ധേയമാണ്. 'മിംനെസ്കോ' എന്ന ക്രിയാപദത്തിന്റെ അർഥം ഓർമിക്കുക, കരുതലുണ്ടാവുക എന്നൊക്കെയാണ്. നീതിയായി ജീവിക്കുന്നവനെക്കുറിച്ചുള്ള ദൈവത്തിന്റെ കരുതലാണ് ഈ ഓർമ.

നോഹയെയും കുടുംബാംഗങ്ങളെയുംകുറിച്ചുള്ള ദൈവത്തിന്റെ ഓർമ രക്ഷാകരമായ ഓർമയാണ്. ഇതു ശിക്ഷിക്കാനും നശിപ്പിക്കാനുമുള്ള ഒരു ഓർമയല്ല; മറിച്ച്, തിന്മയുടെ ലോകത്തെ ഇല്ലാതാക്കി നന്മയുടെ പുതിയ ഇടത്തിലേക്കു പ്രവേശിക്കാനുള്ള ഒന്നാണ്. ദൈവത്തിന്റെ ഓർമ നന്മവരുത്താനുള്ള വഴിയാണ്. ഉത്പത്തി 19:29 ൽ ദൈവം അബ്രാമിനെ ഓർത്തു എന്ന പരാമർശമുണ്ട്. ആ ഓർമയും നാശത്തിൽനിന്നു രക്ഷയിലേക്കുള്ള മാർഗമായിത്തീർന്നു. ദൈവം റാഹേലിനെ ഓർത്തപ്പോൾ അവളുടെ ജീവിതത്തിൽ നവജീവനുണ്ടായി (ഉത്പ. 30:22). അവളുടെ വന്ധ്യത അവസാനിക്കുകയും അവൾ കുഞ്ഞിനു ജന്മം നൽകുകയും ചെയ്തു.

നോഹയെ ദൈവം ഓർത്തപ്പോൾ അവിടുന്ന് ഭൂമിയിൽ കാറ്റു വീശി (8:2). ദൈവമയച്ച ഈ കാറ്റ് 'റൂഹാ' ആണ്. 'കാറ്റ്' എന്നർഥം വരുന്ന ഹീബ്രുഭാഷയിലെ 'റൂവാഹ്' എന്ന പദമാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. സൃഷ്ടിയുടെ ആരംഭത്തിൽ ജലത്തിനുമുകളിൽ വീശിയ കാറ്റിനു സമാനമാണിത്. അത് 'പരിശുദ്ധ റൂഹാ' ആണ്. ലോകം മുഴുവൻ നശിപ്പിച്ച ജലപ്രളയത്തിന്മേൽ 'ദൈവത്തിന്റെ കാറ്റ്' വീശിയപ്പോൾ പുതിയ ലോകത്തിന്റെ സൃഷ്ടി സംജാതമാകുകയാണ്.

ഉത്പത്തി 8:10 ൽ പരാമർശിക്കുന്ന പ്രാവും, പ്രാവ് കൊത്തിയെടുത്തുകൊണ്ടുവന്ന അതിന്റെ ചുണ്ടിലെ ഒലിവിലയും പ്രതീകാത്മകമാണ്. കാക്ക അശുദ്ധവും കറുത്തതുമാണെങ്കിൽ പ്രാവ് ശുദ്ധവും വെളുത്തതുമാണ്. കറുപ്പും വെളുപ്പും നന്മതിന്മകളുടെ പ്രതീകമാണ്. യഹൂദകാഴ്ചപ്പാടിൽ ഒലിവിന്റെ ഇല സമാധാനത്തിന്റെയും ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും പ്രതീകമാണ്. ജലപ്രളയം കഴിഞ്ഞെന്നും ജീവന്റെ പുതിയ നാമ്പുകൾ തളിർക്കാൻ തുടങ്ങിയെന്നും ഇതു സൂചിപ്പിക്കുന്നു. പുതിയ ലോകത്തിന്റെ ആരംഭമാണിത്.

സകല ജീവജാലങ്ങളും പ്രളയത്തിൽ അകപ്പെട്ടു നശിച്ചുപോയപ്പോഴും നോഹയ്ക്കും കൂട്ടർക്കും അഭയമായതും രക്ഷയായതും പെട്ടകമാണ്. സഭാപിതാക്കന്മാർ നോഹയുടെ പെട്ടകത്തെ ക്രിസ്തുവിന്റെ സഭയുടെ പ്രതീകമായി അവതരിപ്പിക്കാറുണ്ട്. ആ പെട്ടകത്തിൽ പ്രവേശിച്ച നീതിനിഷ്ഠർക്കു രക്ഷ ലഭിച്ചു.

**ഉത്തമഗീതം 6:1–4:** ദൈവവും ഇസ്രയേലും തമ്മിലുള്ള സ്നേഹബന്ധത്തെ പ്രേമബദ്ധരായ സ്ത്രീയും പുരുഷനും തമ്മിലുള്ള സ്നേഹസംഭാഷണശൈലിയിൽ കാവ്യാത്മകമായും പ്രതീകാത്മകമായും അവതരിപ്പിച്ചിരിക്കുകയാണ് ഉത്തമഗീതത്തിൽ. സ്ത്രീ–പുരുഷവിവാഹ ഉടമ്പടിബന്ധത്തിന്റെ ശൈലിയിലാണ് ഉത്തമഗീതത്തിന്റെ പ്രമേയങ്ങൾ ചിത്രീകരിച്ചിരിക്കുന്നത്. 'ഷിർ ഹഷറീം' (Sir hassirim)– ഗീതങ്ങളുടെ ഗീതങ്ങൾ എന്നാണ് ഈ ഗ്രന്ഥം വിശേഷിപ്പിക്കപ്പെടുന്നത്. പ്രേമഗീതങ്ങളുടെ സമാഹാരമാണിത്. ഇസ്രയേലും ദൈവവും തമ്മിലുള്ള സ്നേഹവും ഗാഢബന്ധവും മിശിഹായും സഭയും തമ്മിലുള്ള ബന്ധവും ഇവിടെ പ്രതീകാത്മകമായി വെളിപ്പെടുത്തുന്നു.

ഇന്നത്തെ വചനഭാഗം ആരംഭിക്കുന്നത് തോഴിമാരുടെ ചോദ്യത്തോടെയാണ്. "അംഗനമാരിൽ അഴകാർന്നവളേ, നിന്റെ പ്രിയൻ എങ്ങുപോയി? എങ്ങോട്ടാണ് നിന്റെ പ്രിയൻ പിരിഞ്ഞുപോയത്?" (6:1). തോഴിമാർ ജറുസലെംപുത്രിമാരാണ് പുതിയ നിയമകാഴ്ചപ്പാടിൽ. പ്രിയൻ മിശിഹായാണ്. അഴകാർന്ന പ്രിയ സഭയാണ്. മിശിഹായെ തേടിയുള്ള യാത്രയിൽ പങ്കാളികളാകാൻ തോഴിമാർ ആഗ്രഹിക്കുന്നുണ്ട്. പ്രിയൻ പോയ ദിശയിലേക്കു കൂടെപ്പോകാൻ താത്പര്യം കാണിക്കുന്നവരാണിവർ.

തോഴിമാരുടെ ചോദ്യത്തിനു മണവാട്ടി നൽകുന്ന ഉത്തരം 'എന്റെ പ്രാണപ്രിയൻ തന്റെ ഉദ്യാനത്തിലേക്കു പോയി' എന്നാണ് (6:2). ഈ ഉദ്യാനം സുഗന്ധദ്രവ്യങ്ങളുടെ ഇടമാണ്, ലില്ലിപ്പൂക്കൾ നിറഞ്ഞുനിൽക്കുന്ന സൗന്ദര്യത്തിന്റെ പ്രദേശമാണ്, ആടുകൾ മേയുന്ന ശാന്തതയുടെയും സമൃദ്ധിയുടെയും സ്ഥലമാണ്. ഹീബ്രുഭാഷയിലെ 'ഗാൻ' (gan) എന്ന പദത്തിന്റെ അർഥം 'garden' എന്നാണ്. 'കെപോസ്' (kepos) എന്ന ഗ്രീക്കുഭാഷയിലുള്ള ഈ പദം സഭയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഉദ്യാനം സഭയാണ്. അവിടെ സന്തോഷവും സമാധാനവും സമൃദ്ധിയും ശാന്തതയുമുണ്ട്.

മണവാട്ടി വീണ്ടും പറയുന്നു: "ഞാൻ എന്റെ പ്രിയന്റേതാണ്." സഭ ഈശോയുടേതാണ്. 'അദെൽഫിദോസ്' (adelphidos) എന്ന വാക്കിന്റെ അർഥം 'the beloved one' എന്നാണ്. സ്നേഹബന്ധത്തിന്റെ വാക്കാണിത്. സഭയുടെ നിലനില്പ് ഈശോയിലാണ്. മിശിഹായില്ലാതെ സഭയില്ല.

**വെളിപാട് 21:9–14:** വെളിപാടുപുസ്തകത്തിന്റെ പ്രമേയങ്ങളിലൊന്ന് പുതിയ ആകാശവും പുതിയ ഭൂമിയുമാണ്. തിന്മയുടെ സാമ്രാജ്യത്തിന് അവസാനം കുറിച്ചുകൊണ്ട് സമാധാനത്തിന്റെ പുതിയ ലോകം രൂപപ്പെടുമെന്നത് വെളിപാടുപ്രതീക്ഷയാണ്. ദൈവവും മനുഷ്യനും തമ്മിൽ പുതിയ ബന്ധം സ്ഥാപിക്കുന്ന നന്മയുടെ ലോകമാണിത്. മഹത്ത്വീകൃതയായ സഭയെ നാം ഇവിടെ കണ്ടുമുട്ടും. ഇന്നത്തെ വായന കുഞ്ഞാടിന്റെ മണവാട്ടിയായ സഭയെക്കുറിച്ചാണ് പങ്കുവയ്ക്കുന്നത്. വിവരണത്തിലെ വർണനകളുടെ വിശദാംശങ്ങൾക്കപ്പുറം സ്വർഗീയജറുസലെമിനെക്കുറിച്ചുള്ള അനുഭവമാണിത്. ആത്മീയാനുഭൂതിയിൽ ഉണ്ടാകുന്ന ഒരു ദർശനമാണ് ഇവിടെ വിവരിക്കുന്നത്.

"അവൻ... വിശുദ്ധനഗരിയായ ജറുസലെമിനെ എനിക്കു കാണിച്ചുതന്നു. അതിന് ദൈവത്തിന്റെ തേജസ്സുണ്ടായിരുന്നു... അത് സ്ഫടികംപോലെ നിർമലം" (21:10–11). ദൈവത്തിന്റെ സാന്നിധ്യം എങ്ങനെ സഭയെ രൂപാന്തരപ്പെടുത്തുകയും മഹത്ത്വമണിയിക്കുകയും ചെയ്യുന്നുവെന്ന് ഈ വചനങ്ങൾ വ്യക്തമാക്കുന്നു. മഹത്ത്വീകൃതയാകുന്ന സഭ വിശുദ്ധമാണ്, തേജസ്സുള്ളതാണ്, അമൂല്യമാണ്, നിർമലമാണ്.

വിശുദ്ധനഗരത്തിന്റെ മതിലിനു പന്ത്രണ്ട് അടിസ്ഥാനങ്ങളുണ്ടായിരുന്നു. അവയിന്മേൽ കുഞ്ഞാടിന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പേരുകളും (21:14). ഗ്രീക്കുഭാഷയിലെ 'തെമെലിയോസ്' (themelios) എന്ന പദത്തിന്റെ അർഥം 'foundation' എന്നാണ്. സഭയുടെ അടിത്തറപാകാൻ സഹായിച്ചത് അപ്പസ്തോലന്മാരാണ്. അവരുടെ സാക്ഷ്യവും പ്രഘോഷണവുംവഴിയാണ് സഭ സ്ഥാപിക്കപ്പെട്ടത്. അവരിലൂടെയാണ് ജനം സഭയിലേക്കു പ്രവേശിച്ചത്. കവാടത്തിലെ വാതിലുകൾ ഇതാണു സൂചിപ്പിക്കുന്നത്. നാലു വശങ്ങളിലുമുള്ള മൂന്നു വീതമുള്ള വാതിലുകൾ സഭയുടെ കാതോലികത്വത്തിന്റെ (catholic) സൂചനയാണ്. സഭ കാതോലികമാണ്.

**യോഹന്നാൻ 6:16–24:** ഈശോയുടെ ദൈവത്വം വെളിപ്പെടുത്തുന്ന ഒരു സംഭവമായിട്ടാണ് അവിടുന്ന്, ജലത്തിനു മീതെ നടക്കുന്ന അദ്ഭുതത്തെ യോഹന്നാൻ ശ്ലീഹാ അവതരിപ്പിക്കുന്നത്. ഈശോ ആരാണെന്നു യഥാർഥത്തിൽ ഗ്രഹിക്കാത്ത ശിഷ്യസമൂഹത്തിനു താൻ ആരെന്ന് അവിടുന്നു വ്യക്തമാക്കുകയാണിവിടെ.

വള്ളത്തിൽ കയറിപ്പോയ ശിഷ്യന്മാരുടെ അടുക്കൽ ഈശോ എത്തിയിരുന്നില്ല. ഈശോയെ കൂടാതെയുള്ള ഒരു യാത്രയാണിത്. ഈ യാത്രയിൽ അവർക്കു നേരിടേണ്ടിവന്നത് കടൽക്ഷോഭമാണ്. അത് അവരുടെ യാത്രയ്ക്ക് വിഘ്നമായി മാറിയെങ്കിലും കടൽയാത്ര ചിരപരിചിതമായിരുന്ന അവർ തോണി തുഴഞ്ഞ് യാത്ര തുടർന്നു. അവരെ തേടിയെത്തുന്ന ഈശോയെയാണു തുടർന്നു നാം കാണുന്നത്. നഷ്ടപ്പെട്ടുപോകുന്നവരെ, അകലേക്കു മാറിപ്പോകുന്നവരെ തേടിയെത്തുന്നവനാണ് ഈശോ.

ഈശോയുടെ അടുത്തുവരവ് ശിഷ്യന്മാർക്കു സമ്മാനിച്ചത് ഭയമാണ്. ഈശോയെക്കൂടാതെയുള്ള യാത്ര 'ഭയം' നൽകുന്ന ഒന്നാണ്. ഭയപ്പെട്ടുനിൽക്കുന്ന ശിഷ്യന്മാരോട് ഈശോ പറയുന്നത് 'മെ ഫോബെയ്സ്തെ' (me phobeisthe) എന്നാണ്. 'ഭയപ്പെടേണ്ട' എന്നർഥം. ഈശോയുടെ സാന്നിധ്യം സമാധാനത്തിന്റെ സാമീപ്യമാണ്. അവിടെ അനാവശ്യഭയത്തിനിടമില്ല.

'ഭയപ്പെടേണ്ട' എന്ന ആഹ്വാനത്തോടൊപ്പം ഈശോ തന്നെത്തന്നെ ഇവിടെ വെളിപ്പെടുത്തുന്നുണ്ട്: "എഗോ എയ്മി"– ഞാനാണ് (6:20). ഈശോ ആരാണെന്നുള്ള ചോദ്യത്തിന് ഉത്തരമാണിത്. ഈശോയുടെ ദൈവികതയിലേക്കുള്ള വിരൽചൂണ്ടലാണ് ഈ പ്രയോഗം.

ശിഷ്യന്മാർ യാത്ര ചെയ്ത വള്ളം സഭയുടെ പ്രതീകമാണ്. സഭ യാത്ര ചെയ്യേണ്ടത് ഈശോയോടുകൂടെയാണ്. ഈശോയെ കൂടാതെയുള്ള യാത്ര 'ഭയം' ജനിപ്പിക്കും. ഈശോ ഉള്ളയിടങ്ങളിൽ 'സമാധാനം' സംജാതമാകും. ഈശോയെ മാറ്റിവച്ചുള്ള യാത്രയിൽ സഭയാകുന്ന നൗക ആടിയുലയാനുള്ള സാധ്യത ഏറെയാണ്.

■■

നോവൽ 7



# കിഴക്കൻകാറ്റ്

ഇഗ്നേഷ്യസ് കലയന്താനി

**കഥാസാരം**

*ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞ അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. ഇരുപതുവർഷം മുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു യാത്രയായി. പിന്നീട് അവർ തമ്മിൽ ബന്ധമൊന്നുമുണ്ടായിരുന്നില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ കല്യാണത്തിനു ക്ഷണിക്കാൻ സൂസമ്മയും ജയേഷും കാറിൽ ഹൈറേഞ്ചിലേക്കു പോയി. കുറുക്കൻകുന്ന് എന്ന ഗ്രാമത്തിലാണവർ താമസിക്കുന്നതെന്നു മനസ്സിലാക്കി അവിടെച്ചെന്നു. സിസിലിയുടെ ഭർത്താവ് തോമസിനെ എട്ടു വർഷം മുമ്പ് ആനചവിട്ടിക്കൊന്നു എന്ന സത്യം അവിടെച്ചെന്നപ്പോൾ മാത്രമാണ് സൂസമ്മ അറിഞ്ഞത്. ഭർത്താവിന്റെ മരണശേഷം സിസിലിയുടെ ജീവിതം ദുരിതപൂർണമായിരുന്നു. സിസിലിയുടെ മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിനു നന്നേ ഇഷ്ടമായി. ഒരു വണ്ടിയപകടത്തിൽ പരിക്കേറ്റ് കാലിനു സ്വാധീനക്കുറവു വന്നതിനാൽ മുടന്തിയാണ് എൽസ നടന്നിരുന്നത്. സർജറി നടത്തി മുടന്തുമാറ്റാൻ പണം ഇല്ലാതിരുന്നതിനാൽ സിസിലി അതിനു തുനിഞ്ഞില്ല. ജയേഷിന്റെ കല്യാണം നടന്നു. ഭാര്യ വർഷ മോഡേൺചിന്താഗതിക്കാരിയാണ്. അവൾ മദ്യപിക്കാറുണ്ടെന്നു മനസ്സിലാക്കിയ ജയേഷ് അസ്വസ്ഥനായി. വർഷയുടെ പപ്പയുടെ പെരുമാറ്റവും ജയേഷിന് ഇഷ്ടപ്പെട്ടില്ല. പലതിലും വിട്ടുവീഴ്ച ചെയ്ത് ഇണക്കവും പിണക്കവുമായി ആ ദാമ്പത്യജീവിതം മുന്നോട്ടുപോയി.*

*(തുടർന്നു വായിക്കുക)*

**അ**ന്നൊരു ഞായറാഴ്ചയായിരുന്നു. പിറ്റേന്നു തിങ്കൾ. തോമാച്ചായന്റെ ചരമദിനമാണ്. തോമസ് വിടപറഞ്ഞിട്ട് ഒമ്പതു വർഷങ്ങൾ. വൈകിട്ട് അഞ്ചുമണിയായപ്പോൾ ടെസി വീട്ടിലെത്തി. സിസിലിയും എൽസയും കാത്തിരിക്കയായിരുന്നു.

"പിള്ളേരെ കൊണ്ടുവന്നില്ലേ മോളേ?"

വരാന്തയിലേക്കു കയറും മുമ്പേ സിസിലി ചോദിച്ചു.

"വിട്ടിട്ടു വേണ്ടേ! ഞാനൊത്തിരി നിർബന്ധിച്ചതാ. അവർക്കും പോരണോന്നാഗ്രഹമുണ്ടായിരുന്നു. നാളെ ക്ലാസുണ്ടെന്നു പറഞ്ഞ് പിടിച്ചുവച്ചു."

ടെസിയുടെ കണ്ഠം ഇടറിയിരുന്നു. അവളുടെ ഹൃദയവേദന സിസിലിക്കും എൽസയ്ക്കും മനസ്സിലാകുമായിരുന്നു.

"അവനിപ്പഴും കുടി ഒണ്ടോ?"

"അല്ലാതെന്താ തൊഴില്? കുടിക്കുന്നതു പോട്ടേന്നുവയ്ക്കാം. കുടിച്ചിട്ടു വന്നുള്ള വഴക്കാ സഹിക്കാൻ പറ്റാത്തത്. ചുമ്മാതല്ലും. ഓരോന്നു പറഞ്ഞ് പിരികേറ്റിക്കൊടുക്കാൻ അമ്മേം."

കണ്ണുതുടച്ചിട്ട് അവൾ അകത്തേക്കു കയറിപ്പോയി. എൽസ പിന്നാലെ ചെന്ന് ചേച്ചിക്കു മാറാൻ ചുരിദാർ എടുത്തുകൊടുത്തു.

കപ്പ പുഴുങ്ങിയതും ഇറച്ചിക്കറിയുമുണ്ടായിരുന്നു. സിസിലി ഒരു പാത്രത്തിൽ അതു വിളമ്പി മേശപ്പുറത്തു വച്ചിട്ട് ടെസിയെ വിളിച്ചു. നല്ല വിശപ്പുണ്ടായിരുന്നതുകൊണ്ട് ടെസി അതു മുഴുവൻ കഴിച്ചു.

"നീ ഒത്തിരി കോലം കെട്ടുപോയല്ലോ മോളേ." ടെസിയുടെ രൂപം കണ്ടപ്പോൾ സങ്കടം വന്നു സിസിലിക്ക്.

"ശരിക്കു ഭക്ഷണംപോലും തരുന്നില്ല അമ്മേ അവിടെ. ഞാനിങ്ങോട്ടു പോരാ. ഒന്നുമില്ലെങ്കിലും പേടികൂടാതെ ഉറങ്ങുകെങ്കിലും ചെയ്യാല്ലോ ഇവിടെ."

"നാട്ടുകാരു കേട്ടാൽ എന്നാ പറയും മോളേ! ക്ഷമിച്ചും സഹിച്ചുമൊക്കെ അവിടെ നിക്കാൻ നോക്കാ. എന്നെങ്കിലും മോൾക്കൊരു നല്ല കാലം ദൈവം തരും. ഞങ്ങളെന്നും പ്രാർഥിക്കുന്നുണ്ട്."

ടെസി ഒന്നും മിണ്ടിയില്ല. എണീറ്റ് കൈകഴുകി. പിന്നെ കിടപ്പുമുറിയിൽ ചെന്നിരുന്ന് എൽസ അടുത്തു വിളിച്ചിരുത്തി വിശേഷങ്ങൾ തിരക്കി. ജയേഷിന്റെ കല്യാണത്തിനു പോയതും പഴയവീടും പരിസരവുമൊക്കെ കണ്ടതും അവൾ ടെസിയോടു വിശദീകരിച്ചു.

"ടെസിച്ചേച്ചിയെ സൂസമ്മയാന്റി തിരക്കിയിരുന്നു."

"കല്യാണത്തിനു വരണോന്നും എല്ലാരേം കാണണമെന്നും എനിക്കാഗ്രഹമുണ്ടായിരുന്നു മോളേ. കെഞ്ചിപ്പറഞ്ഞതാ. വിട്ടില്ല." ടെസി ഒന്നു നെടുവീർപ്പിട്ടു.



ചേച്ചിയുടെ ദുർവിധി ഓർത്ത് എൽസയുടെ മനസ്സു വിങ്ങി. പാവം! എന്തുമാത്രം വേദന സഹിക്കുന്നു! എത്ര വലിയ കുരിശുചുമക്കുന്നു!

"നാളെ എപ്പഴാ മോളേ കുർബാന?"

"ആറരയ്ക്ക്. അതുകഴിഞ്ഞ് സിമിത്തേരിയിൽ ഒപ്പീസ് പറഞ്ഞിട്ടുണ്ട്."

"ഞാനിത്തിരിനേരമൊന്നു കിടക്കട്ടെ. ഇന്നലെ രാത്രി ഒട്ടും ഒറങ്ങിയില്ല. പപ്പേടെ കാര്യം ഓർത്തപ്പം ഒറക്കം വന്നില്ല. ആന ചവിട്ടിക്കിടക്കുന്ന ആ കാഴ്ച! അതോർക്കുമ്പം ഇപ്പഴും ചങ്കുപിടയുവാ മോളേ. നല്ല ആരോഗ്യത്തോടെ ഓടിനടന്ന ആള് ഒറ്റദിവസംകൊണ്ടല്ലേ അപ്രത്യക്ഷമായത്. നമ്മളെ എന്തോരം സ്നേഹിച്ചതാ പപ്പാ. ഞാനോർക്കുന്നു, കുരുമുളക് വിറ്റിട്ടു വരുമ്പഴൊക്കെ പപ്പാ എന്തെങ്കിലും സ്പെഷ്യൽ ഫുഡ് വാങ്ങിച്ചോണ്ടു വരുമായിരുന്നു. അതുകഴിക്കാൻ നമ്മള് ഉറങ്ങാതെ നോക്കി ഇരിക്കായിരുന്നു. നീ ഓർക്കുന്നുണ്ടോ?"

"ചേച്ചി അതൊന്നും ഓർമിപ്പിക്കാതെ. എനിക്കു കരച്ചിലുവരും. ചേച്ചി കിടക്ക്. രാവിലെ എണീക്കേണ്ടതല്ലേ. ഞാൻ കുറച്ചു പൂക്കളൊക്കെ പറിച്ചുവയ്ക്കട്ടെ."

എൽസ വെളിയിലേക്കു പോയതും ടെസി കട്ടിലിലേക്കു ചാഞ്ഞു.

മുറ്റത്തരികിലെ റോസാച്ചെടിയിൽനിന്ന് കുറെ പൂക്കൾ ഇറുത്തു എൽസ. മറ്റു ചെടികളിൽ നിന്ന് വേറേയും പൂക്കൾ. വാടിപ്പോകാതിരിക്കാൻ വെള്ളം തളിച്ച് എല്ലാം ഒരു പാത്രത്തിൽ സൂക്ഷിച്ചു.

പുലർച്ചെ അഞ്ചരയ്ക്ക് എണീറ്റ് സിസിലി ടെസിയെയും എൽസയെയും വിളിച്ചുണർത്തി.

പള്ളിയിൽ പോകാൻ വേഷം മാറിവന്ന് മൂന്നുപേരും തോമാച്ചായന്റെ ഫോട്ടോയ്ക്കുമുമ്പിൽനിന്ന് കൈകൂപ്പി കുറേനേരം പ്രാർഥിച്ചു. പിന്നീട് വീടുപൂട്ടി നേരേ പള്ളിയിലേക്കു യാത്രയായി.

ആദ്യം സിമിത്തേരിയിലേക്കാണു പോയത്. കല്ലറയുടെ ഗ്രാനൈറ്റ് സ്ലാബ് തുടച്ചു വൃത്തിയാക്കിയശേഷം പൂക്കൾകൊണ്ട് അലങ്കരിച്ചു. തുടർന്ന് പ്രാർഥന ചൊല്ലി.

കുർബാനയ്ക്കുള്ള മണിമുഴങ്ങിയപ്പോൾ മൂന്നുപേരും സിമിത്തേരിയിൽനിന്നിറങ്ങി പള്ളിയിലേക്കു നടന്നു.

കുർബാന കഴിഞ്ഞ് വീണ്ടും സിമിത്തേരിയിൽ കല്ലറയുടെ അരികിലെത്തി തിരി കത്തിച്ചു. അച്ചൻ വന്ന് ഒപ്പീസു ചൊല്ലി. ഒപ്പീസു കഴിഞ്ഞപ്പോൾ സിസിലി അച്ചനോടു പറഞ്ഞു: "വീടൊന്നു വെഞ്ചരിക്കണം അച്ചോ. ഇന്ന് സൗകര്യമുണ്ടാകുമോ?"

"അതിനെന്താ. എപ്പ വരണമെന്നു പറ."

"പത്തിനും പതിനൊന്നിനും ഇടയ്ക്ക്."

"ആയിക്കോട്ടെ. ഞാനങ്ങു വന്നേക്കാം."

ടെസിയുടെ നേരേ തിരിഞ്ഞിട്ട് അച്ചൻ ചോദിച്ചു:

"നിനക്കു സുഖാണോ കൊച്ചേ."

"അതെ അച്ചോ." അവൾ ഒരു കള്ളം പറഞ്ഞു.

"ശരി. വരുമ്പം കാണാം."

അതു പറഞ്ഞിട്ട് അച്ചൻ പള്ളിമേടയിലേക്കു പോയി.

"നല്ല സ്നേഹമുള്ള അച്ചനാ. പാവങ്ങളോടു പ്രത്യേക കരുണയാ. എന്തോരം സഹായം അവർക്കു ചെയ്യുന്നുണ്ടെന്നറിയാമോ. പെരുന്നാളിനു പിരിക്കുന്ന കാശിന്റെ ഇരുപതു ശതമാനം മാറ്റിവച്ചിട്ട് അച്ചൻ അതു പാവങ്ങൾക്കു വീതിച്ചുകൊടുക്കും. മിക്കവാറും വർഷത്തിൽ രണ്ടുതവണ അച്ചൻ എല്ലാ വീട്ടിലും കേറിയിറങ്ങും. ഓരോ വീടിന്റേം അവസ്ഥ അച്ചനു നന്നായിട്ടറിയാം. ഇനി ആറുമാസം കൂടിയേ ഒള്ളു ഈ ഇടവകേൽ." സിസിലി ടെസിയോടു പറഞ്ഞു. അവൾ ഒന്നും മിണ്ടിയില്ല.

തിരിച്ചു വീട്ടിലെത്തിയപ്പോൾ മണി എട്ട്. സിസിലി വേഗം കപ്പ പുഴുങ്ങി. തലേന്നത്തെ ഇറച്ചിക്കറി ചൂടാക്കി വാങ്ങിവച്ചു. ഒരു വാഴയില വെട്ടിക്കൊണ്ടു വന്നിട്ട് അതിലേക്ക് കപ്പയും ഇറച്ചിക്കറിയും വിളമ്പി. കുടിക്കാൻ കട്ടൻ കാപ്പിയും. മൂന്നുപേരും ഒരുമിച്ചിരുന്ന് ഒരിലയിൽനിന്നാണു ഭക്ഷണം കഴിച്ചത്.

പത്തരയായപ്പോൾ വികാരിയച്ചൻ വന്നു. 72 വയസ്സുണ്ട് അച്ചന്. തനിയെ, നടന്നാണു വന്നത്. കൈയിലൊരു കുടയുമുണ്ടായിരുന്നു. കുട മടക്കി തൂണിനോടു ചേർത്തുവച്ചിട്ട് അച്ചൻ ചെരുപ്പഴിയിട്ട് വരാന്തയിലേക്കു കയറി. സിസിലി പുറത്തേക്കിറങ്ങിവന്നു ഭവ്യതയോടെ കൈകൂപ്പി സ്തുതി ചൊല്ലി. അച്ചൻ വരാന്തയിലെ കസേരയിലിരുന്നിട്ട് സിസിലിയെ നോക്കി പറഞ്ഞു:

"ഒരു ഗ്ലാസ് വെള്ളമിങ്ങെടുത്തോ."

"നാരങ്ങാവെള്ളം?"

"ആയിക്കോട്ടെ. ഉപ്പിട്ടു മതി."

സിസിലി അകത്തേക്കു കയറിപ്പോയി. ആ സമയം എൽസ വെളിയിലേക്കിറങ്ങിവന്ന് അച്ചനു സ്തുതി ചൊല്ലി.

"ങ്ഹ നീ ഇവിടുണ്ടായിരുന്നോ? ട്യൂഷനൊക്കെ എങ്ങനെ നടക്കുന്നു?"

"നന്നായിട്ടു പോകുന്നു അച്ചോ."

"നിന്റെ വേദപാഠക്ലാസിനെപ്പറ്റിയൊക്കെ അമ്മമാർക്കു നല്ല അഭിപ്രായമാ കേട്ടോ. ബൈബിളൊക്കെ നന്നായിട്ടു പഠിച്ചിട്ടു വന്നാ ക്ലാസെടുക്കുന്നതെന്ന് പേരന്റ്സ് പറഞ്ഞു. കൺഗ്രാജുലേഷൻസ്."

"താങ്ക്യു ഫാദർ."

അവർ സംസാരിച്ചിരിക്കുമ്പോൾ സിസിലി നാരങ്ങാവെള്ളവുമായി വന്നു. നാരങ്ങാവെള്ളം കുടിച്ചു ഗ്ലാസ് തിരികെക്കൊടുക്കുമ്പോൾ വികാരിയച്ചൻ ചോദിച്ചു:

"ഇവൾക്കു കല്യാണമൊന്നും ആലോചിക്കുന്നില്ലേ സിസിലി?"

"ആലോചിക്കുന്നുണ്ട് അച്ചോ. ഒന്നും ഒത്തുവരുന്നില്ല. അവളുടെ ഈ കാലു കാണുമ്പം വരുന്നോരൊക്കെ ഒന്നും മിണ്ടാതെ തിരിച്ചുപോകാ."

"ഇത്തിരി ചട്ടുണ്ടെന്നല്ലേയുള്ളു. അതു വല്യ കുറവാണോ? ഒന്നുമല്ലെങ്കിലും കാണാൻ കൊള്ളാവുന്ന ഒരു മുഖമുണ്ടല്ലോ. പിന്നെ നല്ല സ്വഭാവോം."

"സ്വഭാവമൊക്കെ ഇപ്പം ആർക്കുവേണം അച്ചോ. ഇന്നത്തെ ആമ്പിള്ളേർക്ക് അടിച്ചുപൊളിച്ചു നടക്കുന്ന പെമ്പിള്ളേരെയല്ലേ ഇഷ്ടം. അതല്ലെങ്കിൽ കാശുവേണം. ഇതു രണ്ടും ഇവൾക്കില്ലല്ലോ. ങ്ഹ, സമയമാകുമ്പം എല്ലാം നടക്കും അച്ചോ." സിസിലി ഒരു ദീർഘശ്വാസം വിട്ടു.

"എന്റെ ഒരകന്ന ബന്ധത്തിലുള്ള ഒരു പയ്യനുണ്ട്. ഒരു പാവം ചെക്കനാ. വല്യ പരിഷ്കാരിയൊന്നുമല്ല. ഒരുപാട് സാമ്പത്തികവുമില്ല. ഒരു പ്രൈവറ്റ് കമ്പനീൽ സാമാന്യം ശമ്പളത്തിൽ ഒരു ജോലിയുണ്ട്. ഇവളെപ്പോലെ നല്ല ഭക്തിയും വിനയവുമൊക്കെയുള്ള ഒരു കൊച്ചനാ. കഴിഞ്ഞ ദിവസം ഞാനാലോചിച്ചപ്പം എനിക്കു തോന്നി ഇവൾ അവനു ചേരുമെന്ന്. ദൈവം തോന്നിപ്പിച്ചതാകും. ഞാനവനെ ഒന്നിങ്ങു പറഞ്ഞു വിടട്ടേ?"

ശേഷം 14-ാം പേജിൽ



# നിർമല കോളജ് സംഭവം കേരളത്തിന്റെ കണ്ണു തുറപ്പിക്കണം

നേർമൊഴി

**ഫാ. മാത്യു ചന്ദ്രൻകുന്നേൽ**

**ജൂ**ലൈ 26-ാം തീയതി മൂവാറ്റുപുഴ നിർമലകോളജിൽ അരങ്ങേറിയ സമരം ആളിപ്പടരാതെയും വലിയ സാമൂഹികസംഘർഷമായി വളരാതെയും അവസാനിപ്പിക്കുന്നതിനു നേതൃത്വം നൽകിയ കോളജുമാനേജുമെന്റും മുസ്ലീം സമുദായനേതാക്കന്മാരും അഭിനന്ദനം അർഹിക്കുന്നു. നാലോ അഞ്ചോ പെൺകുട്ടികൾ തങ്ങൾക്കു നിസ്കരിക്കാൻ കോളജിൽ സ്ഥലസൗകര്യം ക്രമീകരിച്ചുതരണമെന്ന് കോളജ് പ്രിൻസിപ്പലിനോട് ആവശ്യപ്പെട്ടു. കോളജിന്റെ പാരമ്പര്യത്തിനു നിരക്കാത്തതും നിയമസാധുതയില്ലാത്തതുമായ ആ ആവശ്യം സ്വാഭാവികമായും തിരസ്കരിക്കപ്പെട്ടു. പൊടുന്നനേ, വിദ്യാർഥിനികൾ പ്രിൻസിപ്പലിനെ ബന്ദിയാക്കി സമരമാരംഭിച്ചു. പ്രകോപനമില്ലാത്ത ആ സമരം ആസൂത്രിതമായിരുന്നുവെന്നുവേണം കരുതാൻ. രണ്ടു വിദ്യാർഥിസംഘടനകളുടെ പിന്തുണ പെൺകുട്ടികൾക്കു ലഭിച്ചുവെന്നാണ് റിപ്പോർട്ട്. എന്നാൽ, ഭൂരിപക്ഷം വരുന്ന വിദ്യാർഥികളുടെയോ പൊതുസമൂഹത്തിന്റെയോ മുസ്ലീംസമുദായത്തിന്റെപോലുമോ പിന്തുണ ലഭിച്ചില്ലെന്നു കണ്ടപ്പോൾ സമരത്തിനു പിന്തുണ നൽകിയ വിദ്യാർഥിസംഘടനകൾ തങ്ങൾക്കിതിൽ പങ്കില്ലെന്നു പറഞ്ഞു തലയൂരി. സ്വാഭാവികമായും സമരം അവസാനിച്ചു.

നിർമലകോളജുസംഭവത്തെ ഒറ്റപ്പെട്ട സമരമായിക്കണ്ട് നിസ്സാരമായി തള്ളിക്കളയാവുന്നതല്ല. 71 വർഷമായി പ്രവർത്തിക്കുന്ന കോളജിൽ നാളിതുവരെ ഉന്നയിക്കപ്പെടാതിരുന്ന ഒരാവശ്യവുമായി ഏതാനും പെൺകുട്ടികൾ രംഗത്തുവരാൻ കാരണം എന്താണ്? ദൈവവിശ്വാസവും ഭക്തിയും തീക്ഷ്ണതയുമാണ് പ്രാർഥനാവശ്യത്തിനു പിന്നിലെങ്കിൽ അതിനുള്ള എല്ലാ സൗകര്യങ്ങളും കോളജിനു തൊട്ടടുത്തുതന്നെയുണ്ട്. ആ സൗകര്യം എന്തുകൊണ്ട് പ്രയോജനപ്പെടുത്തിയില്ല? ഒരുപക്ഷേ ആ മസ്ജിദുകളിൽ പെൺകുട്ടികൾക്കു പ്രവേശനം അനുവദിക്കുന്നില്ലെങ്കിൽ വിവേചനപരമായ അത്തരം സമീപനങ്ങൾക്കെതിരേയാണ് സമരം നടത്തേണ്ടിയിരുന്നത്. എന്നാൽ, അത്തരം വിലക്കുകളൊന്നും അവിടെയില്ലെന്നാണ് അറിയാൻ കഴിഞ്ഞത്.

കഴിഞ്ഞ 71 വർഷമായി പ്രവർത്തിക്കുന്ന, ഉയർന്ന അക്കാദമികപാരമ്പര്യവും മതേതരസ്വഭാവവും സേവനമഹിമയുമുള്ള സ്ഥാപനമാണ് നിർമലകോളജ്. മൂവായിരത്തിലധികം വിദ്യാർഥികൾ പഠിക്കുന്ന കോളജിന് അടുത്തകാലത്താണ് സ്വയംഭരണാവകാശപദവി ലഭിച്ചത്. യു.ജി.സി. നിശ്ചയിച്ചിട്ടുള്ള എല്ലാ അടിസ്ഥാനസൗകര്യങ്ങളും അക്കാദമികമികവുമുള്ള ഒരു സ്ഥാപനത്തിന്റെ പ്രവർത്തനത്തെ അസ്ഥിരപ്പെടുത്തുക എന്ന ഗൂഢലക്ഷ്യം സമരാനുകൂലികൾക്കുണ്ടായിരുന്നോ എന്നു പരിശോധിക്കേണ്ടതാണ്. 2010 ലാണ് കോതമംഗലം രൂപതയുടെതന്നെ മാനേജുമെന്റിനു കീഴിലുള്ള തൊടുപുഴ ന്യൂമാൻ കോളജിൽ ഒരുസംഘം രാഷ്ട്രീയക്രിമിനലുകൾ കടന്നുകൂടി അധ്യാപകന്റെ കൈവെട്ടിമാറ്റിയത്. അതേത്തുടർന്നുണ്ടായ അനിഷ്ടസംഭവങ്ങളും സാമുദായികസംഘർഷങ്ങളും 14 വർഷത്തിനുശേഷം നടന്ന സമരത്തിൽ സംഭവിക്കാതിരുന്നതു ഭാഗ്യം. സമരാനുകൂലികൾക്കെതിരേ പൊതുജനാഭിപ്രായം ഉയരുകയും അവർ പ്രതീക്ഷിച്ച പിന്തുണ ലഭിക്കാതിരിക്കുകയും ചെയ്തതാണ് സമരം കെട്ടടങ്ങാനുള്ള കാരണം. മുസ്ലീംനേതാക്കന്മാരുടെ തക്കസമയത്തുള്ള പക്വമായ ഇടപെടലും സഹായകമായി. മഹല്ലുകളുടെ പ്രതിനിധിസംഘം കോളജിലെത്തി മാനേജുമെന്റുമായി ചർച്ച നടത്തുകയും വിവേകമില്ലാതെ പ്രവർത്തിച്ച കുട്ടികളുടെ പേരിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തത് കേരളത്തിനു മാതൃകയായി.

വിദ്യാർഥിനികളുടെ ആവശ്യത്തെ കോളജ്മാനേജുമെന്റ് നിരാകരിച്ചത് മാനേജുമെന്റിനു പ്രാർഥനയിൽ വിശ്വാസമില്ലാത്തതുകൊണ്ടോ ഏതെങ്കിലും മതവിഭാഗത്തോടു വിവേചനം പുലർത്തുന്നതുകൊണ്ടോ അല്ല. തങ്ങളുടെ നിക്ഷിപ്തതാത്പര്യങ്ങൾക്കുവേണ്ടി മതത്തെ ഏതെങ്കിലും തരത്തിൽ ഉപകരണമാക്കുകയോ ദുരുപയോഗിക്കുകയോ ആയുധമാക്കുകയോ ചെയ്യുന്നതായി സംശയം തോന്നിയാൽ അത്തരം പ്രവൃത്തികളെ അംഗീകരിക്കാനാവുകയില്ല. ഒരു സ്ഥാപനത്തിൽ പല മതക്കാരും ഒരു മതത്തിലും വിശ്വസിക്കാത്തവരും പഠിക്കുന്നുണ്ടാകും. ഓരോ കൂട്ടരും അവരവരുടെ താത്പര്യങ്ങൾക്കനുസരിച്ചു ക്രമീകരണങ്ങൾ ആവശ്യപ്പെട്ടാൽ അതു ചെയ്തുകൊടുക്കുക ഒരു മാനേജുമെന്റിനും സാധ്യമല്ല. വിശ്വാസവും മതാനുഷ്ഠാനങ്ങളും ഒരു പരിധിവരെ സ്വകാര്യാനുഭവമാണ്. അതിന്റെ സാമൂഹികമാനത്തെ ഇവിടെ വിസ്മരിക്കുകയല്ല. എന്റെ സ്വകാര്യാനുഭവങ്ങൾക്കുവേണ്ടി സമൂഹത്തിന്റെ പൊതുനന്മയെക്കരുതിയുള്ള നിയമസംവിധാനങ്ങളും ചിട്ടവട്ടങ്ങളും മാറ്റിമറിക്കാനാവുകയില്ല.




നിർമല കോളജ് ഒരു ന്യൂനപക്ഷസ്ഥാപനമാണ്. ഭരണഘടന അവർക്ക് ഉറപ്പുനൽകുന്ന അവകാശമനുസരിച്ചാണ് അവർ വിദ്യാഭ്യാസസ്ഥാപനം നടത്തുന്നത്. രാജ്യത്തിന്റെ പൗരനായിരിക്കേ, എന്തിനാണ് ചില വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന എന്നു ചിന്തിക്കുന്നവരുണ്ട്. എണ്ണംകൊണ്ടും വിഭവശേഷികൊണ്ടും സ്വാധീനംകൊണ്ടും ശക്തരായ ഭൂരിപക്ഷത്തിന് ആരുടെയും സഹായംകൂടാതെ നിലനില്ക്കാനും പുരോഗതിപ്രാപിക്കാനും സാധിക്കും. എന്നാൽ, ചെറിയ സമൂഹങ്ങൾക്ക് അതു സാധിക്കുകയില്ല. ഈ സാഹചര്യങ്ങൾ മുന്നിൽക്കണ്ടാണ് ഭരണഘടനാശില്പികൾ ന്യൂനപക്ഷാവകാശങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയത്. ഭാഷയുടെയും മതത്തിന്റെയും അടിസ്ഥാനത്തിലാണ് ന്യൂനപക്ഷാവകാശം നിശ്ചയിച്ചിട്ടുള്ളത്. ചെറിയ സമൂഹങ്ങൾ ആക്രമിക്കപ്പെടാനും അതിന്റെ അസ്തിത്വം തന്നെ ഇല്ലാതാകാനും സാധ്യതയുള്ളതിനാലാണ് ഭരണഘടന അവർക്കു പ്രത്യേകമായ പരിരക്ഷ നല്കുന്നത്. ന്യൂനപക്ഷാവകാശം ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യമോ പ്രത്യേക അവകാശമോ അല്ല. ഓരോ സമൂഹത്തിന്റെയും ഭാഷയും സംസ്കാരവും വിശ്വാസവും പൈതൃകവും സംരക്ഷിക്കാനും വരും തലമുറകൾക്കു കൈമാറാനും ഭരണഘടന നേരിട്ട് അനുവദിക്കുന്ന സംരക്ഷണമാണ് ന്യൂനപക്ഷാവകാശം.

ഭരണഘടനയുടെ 30-ാം ഖണ്ഡികയിലാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനും നടത്തിക്കൊണ്ടുപോകാനുമുള്ള അവകാശം ന്യൂനപക്ഷങ്ങൾക്കു ലഭിക്കുന്നത്. ന്യൂനപക്ഷ സ്ഥാപനമായതുകൊണ്ട് അവരുടെ വിശ്വാസവും പൈതൃകവും സംസ്കാരവും വളർത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ അവിടെ ഏർപ്പെടുത്തുന്നതിനെ ആർക്കും എതിർക്കാനാവുകയില്ല. എന്നാൽ, അതേ സൗകര്യം തങ്ങൾക്കും നൽകണമെന്ന് ആവശ്യപ്പെടാനുള്ള അവകാശം മറ്റുള്ളവർക്കില്ല. എത്ര മുസ്ലീം സ്ഥാപനങ്ങളിൽ ഇതരമതസ്ഥർക്ക് ആരാധിക്കുന്നതിനുള്ള പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന ചോദ്യത്തിനു വ്യക്തമായ ഉത്തരം ലഭിച്ചിട്ടില്ല. അതുകൊണ്ടു പരസ്പരബഹുമാനത്തിലും വിശ്വാസത്തിലും ജീവിക്കാനുള്ള മനസ്സിന്റെ വിശാലതയാണ് ഓരോരുത്തരും ആർജിക്കേണ്ടത്.


## വധുവിനെ ആവശ്യമുണ്ട്

കൽക്കട്ട ഗവ. കോളജിൽ പ്രഫസറായി (സ്ഥിരനിയമനം) ജോലി നോക്കുന്ന യുവാവിന് (39 വയസ്സ്) അനുയോജ്യരായ യുവതികളിൽനിന്നു വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

ബന്ധപ്പെടുക

ഫോൺ : 9387349991

(സിറിയക് കുരുവിള)


## കിഴക്കൻകാറ്റ്

11-ാം പേജ് തുടർച്ച

"വിട്ടോ അച്ചോ. പിന്നെ, ഒരു കാര്യം പ്രത്യേകം പറഞ്ഞേക്കണം. കൊടുക്കാൻ ഒരുപാട് കാശൊന്നുമില്ല. നുള്ളിപ്പെറുക്കി ഇത്തിരി സ്വർണമോ മറ്റോ..."

"കാശു ചോദിച്ചു വരുന്നോരെയൊന്നും ഈ പടിക്കകത്തു കയറ്ററുത്. അങ്ങനെ വരുന്നോരൊന്നും കുടുംബജീവിതം ആഗ്രഹിച്ചു വരുന്നോരല്ല. ഞാനീ പറഞ്ഞ പയ്യൻ അത്തരക്കാരനല്ല. എനിക്കു നന്നായി അറിയാവുന്നതുകൊണ്ടാ ഞാൻ ഈ പ്രൊപ്പോസൽ കൊണ്ടുവന്നത്."

"എങ്കിൽ വന്നു കാണാൻ പറ അച്ചോ?"

"നിനക്ക് എതിർപ്പു വല്ലോം ഒണ്ടോ കൊച്ചേ?"

അച്ചൻ എൽസയുടെ നേരേ തിരിഞ്ഞു.

"ഇല്ലച്ചോ."

"എന്നാ ഇനി സമയം കളയണ്ട. വെഞ്ചരിച്ചേക്കാം." അച്ചൻ എണീറ്റു മുറിയിലേക്കു കയറി. വെഞ്ചരിപ്പു കഴിഞ്ഞ് ഊറാറ എടുത്തു മടക്കിക്കൊണ്ടിരിക്കുമ്പോൾ എൽസ ചോദിച്ചു: "കപ്പ പുഴുങ്ങിയതും ഇറച്ചിക്കറിയുമുണ്ട്. ഇത്തിരി എടുക്കട്ടെ അച്ചോ?"

"ഇറച്ചിക്കറി നീ ഒണ്ടാക്കിയതാണോ?"

"അല്ല, അമ്മയാ." അവൾ ചിരിച്ചു.

"നിനക്ക് ഒണ്ടാക്കാനൊന്നും അറിഞ്ഞൂടേ."

"അറിയാം അച്ചോ. ഇടയ്ക്ക് ഒണ്ടാക്കാറുണ്ട്. ഇതിപ്പം അമ്മ ഉണ്ടാക്കീന്നേയുള്ളൂ."

"ങ്ഹ എടുക്ക്. നിന്റെ വീട്ടിൽ വന്നിട്ട് ഒന്നും കഴിക്കാതെ പോയീന്നുള്ള പരാതി വേണ്ട."

എൽസ അടുക്കളയിലേക്ക് ഓടി. അഞ്ചുമിനിറ്റിനുള്ളിൽ കപ്പയും ഇറച്ചിക്കറിയും ടേബിളിൽ നിരന്നു.

അച്ചൻ കൈകഴുകിയിട്ടുവന്ന് ടേബിളിനരികിൽ കസേരയിലിരുന്നു. കപ്പ തിന്നുകൊണ്ടിരിക്കുമ്പോൾ അച്ചൻ പറഞ്ഞു:

"വല്യവല്യ കാശുകാരുടെ വീട്ടിൽ ചെല്ലുമ്പം ടേബിളുനിറയെ വിഭവങ്ങളു നിരത്തീട്ട് വാ അച്ചാ വന്നു കഴിക്ക് എന്നു പറഞ്ഞുവിളിക്കും. ഞാൻ നോക്കുമ്പം എന്റെ പ്രായത്തിലുള്ളോർക്ക് തിന്നാൻ കൊള്ളാവുന്ന ഒന്നും കാണില്ല അവിടെ. വിളിച്ചതല്ലേന്നോർത്ത് അവരുടെ സന്തോഷത്തിനുവേണ്ടി എന്തെങ്കിലും ഇത്തിരി കഴിച്ചിട്ട് എണീറ്റുപോകും. അതേസമയം, ഇതുപോലുള്ള വീട്ടിൽ വന്നാൽ ഞാൻ ചോദിച്ചു മേടിച്ചു കഴിക്കുകേം ചെയ്യും. കപ്പേം ചേമ്പും ചേനയുമൊക്കെ തിന്നുമ്പം കിട്ടുന്ന ആ രുചി ഇപ്പഴത്തെ ഏതു ഭക്ഷണത്തിനുണ്ട്?"

"അതൊന്നും പറഞ്ഞാൽ ഇപ്പഴത്തെ പിള്ളേരു സമ്മതിച്ചുതരില്ലച്ചോ."

സിസിലി ചിരിച്ചു.

"അതെനിക്കറിയാം. കുഴിമന്തി, അൽഫാം, ഷവർമ ഇതൊക്കെയല്ലേ ഇപ്പഴത്തെ പിള്ളേരുടെ ഇഷ്ടഭക്ഷണം. പത്തുവയസ്സാകുമ്പോഴേക്കും ഇരുപതിന്റെ വളർച്ചയല്ലേ പിള്ളേർക്ക്."

ഓരോന്നു സംസാരിച്ചിരുന്നു സമയംപോയതറിഞ്ഞില്ല. അച്ചൻ എണീറ്റു കൈകഴുകിയിട്ട് ടവ്വലെടുത്തു മുഖം തുടച്ചു. എന്നിട്ട് എൽസയെ നോക്കി പറഞ്ഞു:

"അടുത്ത ദിവസം ഞാൻ ആ പയ്യനെ ഇങ്ങു പറഞ്ഞുവിടാം. ദിവസോം സമയോം ഒക്കെ ഞാൻ ഫോൺ വിളിച്ചു പറഞ്ഞേക്കാം. നീ തമ്പുരാനോടു പ്രാർഥിച്ചോ."

എൽസ ചിരിച്ചുകൊണ്ട് തല കുലുക്കി.

അച്ചൻ യാത്ര പറഞ്ഞ് പടിയിറങ്ങി കുടയും നിവർത്തി സാവധാനം നടന്നുപോകുന്നത് സിസിലിയും എൽസയും വരാന്തയിൽ നോക്കിനിന്നു. എത്ര നല്ല അച്ചൻ. എൽസയുടെ മനസ്സ് മന്ത്രിച്ചു.

(തുടരും)

# അവിസ്മരണീയനായ അന്തോനിക്കത്തനാർ

**സ്വയംഭരണവും സമുദായൈക്യവും**

**രണ്ടാം ഭാഗം**



ഫാ. ഡോ. ജെയിംസ് പുലിയുറുമ്പിൽ

### അന്തോനിക്കത്തനാരുടെ റോമിലേക്കുള്ള കത്തുകൾ

1853 ലാണ് സ്വയംഭരണയത്നങ്ങളുടെ നേതൃത്വത്തിലേക്ക് അന്തോണിക്കത്തനാർ കടന്നുവരുന്നത്. വൈദേശികഭരണം നീങ്ങാതെ മലങ്കരസഭയ്ക്കു നന്മയും അഭിവൃദ്ധിയും ഉണ്ടാവുകയില്ല എന്ന തിരിച്ചറിവ് സ്വയംഭരണപോരാട്ടത്തിന്റെ മുൻപന്തിയിലേക്കു വരാൻ അന്തോനിക്കത്തനാരെ നിർബന്ധിതനാക്കി. കുറവിലങ്ങാടുസമ്മേളനത്തിൽ കുടക്കച്ചിറയുടെ രംഗപ്രവേശം മലബാറിലെ സുറിയാനിക്കാരുടെ സ്വയംഭരണപോരാട്ടചരിത്രത്തിൽ നിർണായകമായ വഴിത്തിരിവായിത്തീർന്നു.

ഭാവിപരിപാടികൾ ആലോചിക്കുന്നതിനായി പള്ളികളുടെ ഒരു യോഗം കുറവിലങ്ങാട്ടു കൂടാൻ തീരുമാനമായി. പ്രസ്തുത യോഗത്തിലേക്കു വൈദികരെയും പള്ളിപ്രതിനിധികളെയും ക്ഷണിച്ചുകൊണ്ട് പനങ്കുഴ കുര്യേപ്പുകത്തനാർ കത്തയച്ചു. ഇതിൻപ്രകാരം തെക്കൻപ്രദേശങ്ങളിലെ, അതായത്, മീനച്ചിൽ, ഏറ്റുമാനൂർ താലൂക്കുകളിലെ പള്ളികളിൽനിന്ന് പട്ടക്കാരും പ്രതിനിധികളും കുറവിലങ്ങാട്ടു വന്നെത്തി. പ്രതിനിധികളെ അയച്ച പള്ളികൾ മിക്കതും മുമ്പ് പദ്രുവാദോയ്ക്കു കീഴിൽ ഉണ്ടായിരുന്നവയായിരുന്നു. യോഗത്തിന്റെ നേതൃത്വം പനങ്കുഴയച്ചനായിരുന്നു. ബാഗ്ദാദിൽ കൽദായപാത്രിയാർക്കീസിന്റെ അടുത്തേക്ക് ഒരു നിവേദകസംഘത്തെ അയയ്ക്കാൻ യോഗം തീരുമാനിച്ചു. അരുവിത്തുറപ്പള്ളി വികാരിയും പ്ലാശനാൽ ദയറയുടെ അധിപനുമായിരുന്ന കുടക്കച്ചിറ അന്തോനിക്കത്തനാർ ഈ ദൗത്യത്തിന്റെ നേതൃത്വം ഏറ്റെടുത്തു.

കുറവിലങ്ങാട്ടുസമ്മേളനത്തിന്റെ നിശ്ചയപ്രകാരം തയ്യാറാക്കിയ പൊതുനിവേദനത്തിൽ ഒപ്പുകൾ ശേഖരിക്കുന്നതിനും യാത്രയ്ക്കാവശ്യമായ പണം സമാഹരിക്കുന്നതിനുമായി അന്തോനിക്കത്തനാർ പള്ളികൾ സന്ദർശിക്കാൻ തുടങ്ങി. വടക്കൻദിക്കിൽ ഒല്ലൂർ, തൃശൂർ, പാലയൂർ തുടങ്ങിയ പള്ളികൾ അദ്ദേഹം സന്ദർശിച്ചു. കുറവിലങ്ങാട്ടുസമ്മേളനത്തിനുശേഷം മലബാറിൽനിന്നു റോമിലേക്കു കത്തുകൾ അയച്ചു. 1854 മാർച്ച് 19 ന് കുറവിലങ്ങാടുപള്ളിയിൽനിന്ന് യൗസേപ്പു കത്തനാരും മറ്റു പട്ടക്കാരും വിശ്വാസിസമൂഹവും ചേർന്ന് കൽദായപാത്രിയാർക്കീസ് മുഖാന്തരം മാർപാപ്പായ്ക്ക് അയച്ചിരിക്കുന്നതാണ് അവയിൽ ആദ്യത്തേത്. പൂർവകാലങ്ങളിൽ മാർപാപ്പമാർ അയച്ചിരുന്ന കൽദായമെത്രാന്മാർ കൽദായപള്ളികളെയും ലത്തീൻ മെത്രാന്മാർ ലത്തീൻപള്ളികളെയും ഭരിച്ചുപോന്നുവെന്നും, വരാപ്പുഴയിലെ കർമലീത്താമെത്രാപ്പോലീത്തായാണ് ഇപ്പോൾ ഇരുകൂട്ടരെയും ഭരിക്കുന്നതെന്നും അവർക്ക് കൽദായഭാഷയോ (പൗരസ്ത്യസുറിയാനി) മലബാറിലെ ഭാഷയോ അറിയില്ലെന്നും നിവേദകർ ചൂണ്ടിക്കാട്ടി. അജഗണങ്ങളെ നഷ്ടപ്പെടുന്ന സ്ഥിതി ഒഴിവാക്കുന്നതിന് ഒരു കൽദായമെത്രാപ്പോലീത്തായെ അയച്ചുതരണമെന്നും കൽദായപള്ളികളുടെ കാര്യത്തിൽ ഇടപെടരുതെന്ന് കർമലീത്താക്കാരോടു കല്പിക്കണമെന്നും അവർ മാർപാപ്പയോട് അപേക്ഷിച്ചു.



1854 ജൂലൈ 2 ന് കുടക്കച്ചിറ അന്തോനിക്കത്തനാർ മലബാറിൽനിന്നു പ്രൊപ്പഗാന്തയുടെ തലവനയച്ച കത്താണ് രണ്ടാമത്തേത്. ബാഗ്ദാദുയാത്രയ്ക്കു മുമ്പ് എഴുതിയതായിരിക്കണം ഈ കത്ത്. 1853 ൽ നമ്മുടെ പട്ടക്കാർ ചേർന്ന് മാർപാപ്പായ്ക്കയച്ച നാല് അപേക്ഷകൾക്കും മറുപടിയൊന്നും ലഭിക്കാത്തതിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ടാണ് കത്തു തുടങ്ങുന്നത്. തുടർന്ന്, മലബാറിലെ സുറിയാനിക്കാരുടെ പരിതാപകരമായ അവസ്ഥയെപ്പറ്റി അന്തോനിയച്ചൻ വിവരിക്കുന്നു. സുറിയാനിഭാഷയും ക്രമവും അറിയുന്ന മെത്രാന്മാർ ഇല്ലാത്തതും അവ പരിശീലിപ്പിക്കാൻ പ്രാപ്തരായ മല്പാന്മാരുടെയും സ്ഥാപനങ്ങളുടെയും അഭാവവും ആരാധനക്രമ, ദൈവശാസ്ത്ര ഗ്രന്ഥങ്ങളുടെ കുറവും സുറിയാനിക്കാരെ അനാഥരാക്കിയിരിക്കുന്നു. ഈ സ്ഥിതിയിൽ നിന്നുള്ള മോചനത്തിനായി കൽദായക്രമം അറിയുകയും അനുഷ്ഠിക്കുകയും ചെയ്യുന്ന ഒരു മെത്രാനെയും ഒരു പട്ടക്കാരനെയും അയയ്ക്കണമെന്ന് അന്തോനിയച്ചൻ 'നിറകണ്ണുകളോടെ' അപേക്ഷിക്കുന്നു. പ്രൊപ്പഗാന്തയുടെ തലവൻ അനുവദിക്കുന്ന പക്ഷം താൻതന്നെ നേരിട്ട് റോമിൽ എത്തി എല്ലാക്കാര്യങ്ങളും സൂര്യപ്രകാശത്തെക്കാൾ വ്യക്തമാക്കിത്തരാം എന്ന് ഉറപ്പു നൽകിക്കൊണ്ടാണ് അന്തോനിയച്ചൻ കത്ത് അവസാനിപ്പിക്കുന്നത്.

### അന്തോനിക്കത്തനാരുടെ ഒന്നാം ബാഗ്ദാദുയാത്ര

കുടക്കച്ചിറയുടെ ഒന്നാം ബാഗ്ദാദുയാത്രയെപ്പറ്റി ചരിത്രകാരനായ ബർണാർദച്ചൻ നൽകുന്ന വിവരണം ഇപ്രകാരമാണ്: "അനന്തരം, അദ്ദേഹം കടനാട്ട് ഇല്ലിക്കൽ ദേവസ്യാ, പ്ലാശനാൽ കുമ്പിടിയാമ്മാക്കൽ തോമ്മാ എന്നീ വൈദികരോടും പ്ലാശനാൽ പഠിച്ചിരുന്ന ചില യുവാക്കളോടുംകൂടെ ആദ്യം മദ്രാസിലേക്കും അവിടെനിന്നു ബോംബെയിലേക്കും പോയി. യുവാക്കന്മാരിൽ ചിലർ വഴിമധ്യേ മരിച്ചു. ദേവസ്യാച്ചനും തോമ്മാച്ചനും മലയാളത്തിലേക്കു മടങ്ങിപ്പോന്നു. പ്ലാശനാൽ തന്റെ പേർക്കു കാര്യം നടത്താൻ ഏല്പിച്ചിരുന്ന മുണ്ടമറ്റത്തച്ചനു തോമ്മാച്ചൻവഴി എഴുത്തയച്ച് അദ്ദേഹം ആ വഴിക്കു ഭരണങ്ങാനത്തുനിന്ന് തൊണ്ടനാട്ട് അന്തോനിയച്ചനെ വിളിപ്പിച്ചു. തൊണ്ടനാടനും മുണ്ടമറ്റവും തോമ്മാച്ചനുംകൂടി ബോംബെയിലെത്തി. അവിടെനിന്നു മുണ്ടമറ്റം മലയാളത്തേക്കു മടങ്ങുകയും ശേഷം അച്ചന്മാരും ബാക്കി യുവാക്കന്മാരും ഒരുമിച്ച് അന്തോനിയച്ചൻ 1854 ൽ കപ്പൽകയറി ബാഗ്ദാദിൽ എത്തുകയും ചെയ്തു.

റോമിന്റെ അനുമതിയോടെ പാത്രിയാർക്കീസിന്റെ പക്കൽനിന്നു സുറിയാനിമെത്രാനെ ലഭിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ അവർ വ്യാപൃതരായി. ഇക്കാര്യത്തിനായി നിവേദകർ റോമിലേക്കു പോകാൻ പദ്ധതിയിട്ടിരുന്നതായി മാർ ഔദോ പ്രൊപ്പഗാന്തയ്ക്കയച്ച കത്തിൽനിന്നു വ്യക്തമാകുന്നു.

തൊണ്ടനാട്ട് അന്തോനിയച്ചനെയും കുമ്പിടിയമ്മാക്കൽ തോമ്മാച്ചനെയും മൊസൂളിൽ വിട്ട് അതേവർഷംതന്നെ കുടക്കച്ചിറ മലബാറിലേക്കു തിരികെപ്പോന്നു. മാർ ളൂയിസ് പഴേപറമ്പിൽ പറയുന്നതനുസരിച്ച് ഒക്ടോബറിൽ (1855) ആയിരുന്നു അന്തോനിയച്ചന്റെ മടക്കയാത്ര. കുടക്കച്ചിറ അന്തോനിക്കത്തനാർ മലബാറിലേക്കു മടങ്ങിയശേഷം, നിവേദകസംഘത്തിലെ മറ്റംഗങ്ങൾ മൊസൂളിനടുത്ത് അൽഘോഷിലെ റമ്പാൻ ഹൊർമിസിന്റെ ദയറയിൽ താമസിച്ചുകൊണ്ട് സഭാസംബന്ധമായ വിഷയങ്ങളിൽ പരിശീലനത്തിൽ ഏർപ്പെട്ടു. നിവേദകസംഘത്തിന്റെ വരവിന്റെ പശ്ചാത്തലത്തിൽ, മലബാറിലെ സുറിയാനിക്കാരുടെ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനായി പാത്രിയാർക്കീസ് മാർ യൗസേപ്പ് ഔദോ ഒരു യോഗം വിളിച്ചുചേർത്തു. കൽദായ പാത്രിയാർക്കീസിനു കീഴിൽ ഒരു മലബാറുകാരൻ വൈദികനെയോ (യോഗ്യനായ ഒരുവൻ ഉണ്ടെങ്കിൽ) അല്ലെങ്കിൽ ഒരു കൽദായവൈദികനെയോ മലബാറിനുവേണ്ടി മെത്രാപ്പോലീത്തായായി വാഴിക്കാൻ അനുവദിക്കണമെന്ന് യോഗം ഏകകണ്ഠമായി റോമിനോട് അപേക്ഷിച്ചു. അത് സ്വീകാര്യമല്ലെങ്കിൽ മലബാറിലെ നിജസ്ഥിതി മനസ്സിലാക്കുന്നതിനായി റോമും ബാഗ്ദാദും ചേർന്ന് ഒരു സംഘത്തെ രൂപീകരിച്ച് സന്ദർശകരായി മലബാറിലേക്ക് അയയ്ക്കണമെന്നതായിരുന്നു മറ്റൊരു നിർദേശം. മൊസൂളിൽ നടന്ന യോഗത്തിന്റെ നിർദേശങ്ങൾ അറിയിക്കുന്നതിനായി പാത്രിയാർക്കീസ്തന്നെ പ്രൊപ്പഗാന്തയുടെ തലവനും മാർപാപ്പയ്ക്കും എഴുതുകയുണ്ടായി. മുമ്പെന്നപോലെ റോമിൽനിന്ന് എന്തെങ്കിലും മറുപടി ലഭിച്ചതായി കാണുന്നില്ല.

### 1854 ലും 1856 ലും അയച്ച കത്തുകൾ

1854 ൽ ബാഗ്ദാദിനുപോയ അന്തോനിക്കത്തനാർ 1856 ൽ തിരികെ മലബാറിലെത്തി. വികാരി അപ്പസ്തോലിക്ക ബർണാർഡിൻ കുടക്കച്ചിറയ്ക്കു നിയമനം നൽകിയില്ല. പകരം, മുടക്കുകയാണു ചെയ്തത്. എങ്കിലും അദ്ദേഹം പള്ളികൾ സന്ദർശിച്ച് ഒപ്പു ശേഖരിച്ചിരുന്നു. 1856 ഓഗസ്റ്റ് 5 ന് അന്തോനിയച്ചനെ മഹറോൻ ചൊല്ലി. 1856 ജൂൺ 22 ന് 45 വൈദികർ ഒപ്പിട്ടതും ഒമ്പതാം പീയൂസ് മാർപാപ്പായെ അഭിസംബോധന ചെയ്യുന്നതുമായ ഒന്നാം നിവേദനം കൽദായ പാത്രിയാർക്കീസ് മുഖാന്തരം മാർപാപ്പായ്ക്കു സമർപ്പിക്കപ്പെട്ടു. ഈ നിവേദനം പൗരസ്ത്യ തിരുസംഘത്തിന്റെ രേഖാലയത്തിൽ സൂക്ഷിച്ചിരിക്കുന്നു.

1856 ഓഗസ്റ്റ് 14 ന് 31 വൈദികർ ചേർന്ന് കൽദായമെത്രാന്മാരെയും മല്പാന്മാരെയും ആവശ്യപ്പെട്ടുകൊണ്ട് മലബാറിൽനിന്ന് കൽദായപാത്രിയാർക്കീസിനയച്ചതും പൗരസ്ത്യതിരുസംഘത്തിന്റെ രേഖാലയത്തിൽ സൂക്ഷിച്ചിരിക്കുന്നതുമായ നിവേദനമാണ് ഇവയിൽ രണ്ടാമത്തേത്.

ഈ രണ്ടു നിവേദനങ്ങളും വൈകാതെതന്നെ പാത്രീയാർക്കീസിന്റെ പക്കലെത്തി. മൊസൂളിൽ വിളിച്ചുചേർക്കപ്പെട്ട യോഗത്തിന്റെ നിർദേശങ്ങൾ മാർപാപ്പയെ അറിയിക്കുന്നതിനായി മാർ യൗസേപ്പ് ഔദോ പാത്രിയാർക്കീസ് 1856 നവംബർ 17 ന് ഒമ്പതാം പീയൂസ് പാപ്പയ്ക്ക് അയച്ച കത്തിനോടൊപ്പം മേല്പറഞ്ഞ രണ്ടു നിവേദനങ്ങളും രണ്ടു വർഷംമുമ്പ് കുറവിലങ്ങാട്ടുനിന്ന് ഏഴു വൈദികർ ചേർന്നയച്ച മറ്റൊരു കത്തുംകൂടി റോമിലേക്ക് അയച്ചു. തുടർന്ന്, ഈ വിവരങ്ങളെല്ലാം അറിയിച്ചുകൊണ്ട് 1856 ഡിസംബര് 21 ന് പാത്രിയാർക്കീസ് മലബാറിലേക്കു മറുപടി അയച്ചു. വൈകാതെ ഒരു കൽദായമെത്രാനെ മലബാറിലേക്ക് അയയ്ക്കാനാവും എന്ന പ്രതീക്ഷ പാത്രിയാർക്കീസിന്റെ മറുപടിക്കത്തിൽ ദൃശ്യമാണ്.

### അന്തോനിക്കത്തനാരുടെ രണ്ടാം ബാഗ്ദാദുയാത്രയും മരണവും

കുടക്കച്ചിറ അന്തോനിക്കത്തനാരുടെ രണ്ടാം ബാഗ്ദാദുയാത്ര ആരംഭിച്ചത് പ്ലാശനാൽ ദയറയിൽനിന്നാണ്. അന്നു മാന്നാനത്തു താമസിക്കുകയായിരുന്ന വികാരി അപ്പസ്തോലിക്കയെ കാണാൻ പന്ത്രണ്ടു യുവാക്കളെയും കൂട്ടി അദ്ദേഹം പുറപ്പെട്ടു. കുടമാളൂർ പള്ളിയിലെത്തി അവിടെ താമസിച്ചുകൊണ്ട് മെത്രാനെ കാണുന്നതിനായി ശ്രമിച്ചു. എന്നാൽ, അനുവാദം കിട്ടിയില്ല. നേരിട്ടുചെന്നു കാണാൻ തീരുമാനിച്ച് അന്തോനിയച്ചൻ യുവാക്കളോടൊപ്പം മാന്നാനത്തു ചെന്നു. പക്ഷേ, തന്നെ കാണാൻ മോൺ. ബർണർദീനോസ് അനുവദിച്ചില്ല. പ്രിയോർ ചാവറയച്ചനും മറ്റു സന്ന്യാസിമാരും കുടക്കച്ചിറയെ ചെന്നു കണ്ടു. അന്തോനിയച്ചന്റെ ചെറുവിരലിൽ ഒരു കുരു പ്രത്യക്ഷപ്പെട്ടിരുന്നതിനാലും മഹറോൻ നിലനിൽക്കുന്നതിനാലും മെത്രാന്റെ അനുവാദം ഇല്ലാതിരുന്നതിനാലും യാത്ര ഉപേക്ഷിക്കണമെന്ന് പ്രിയോരച്ചൻ ആവശ്യപ്പെട്ടു. യാത്ര ഉപേക്ഷിക്കാൻ അന്തോനിക്കത്തനാർ തയ്യാറായില്ല.

മലബാറിൽ തിരികെയെത്തി പതിനഞ്ചു മാസത്തിനുശേഷം 1857 ഫെബ്രുവരിമാസത്തിൽ അന്തോനിക്കത്തനാരും സംഘവും ആലപ്പുഴനിന്ന് ബാഗ്ദാദ് ലക്ഷ്യമാക്കി കപ്പൽ കയറി.

ആലപ്പുഴനിന്നു യാത്രയാരംഭിച്ച് മസ്കറ്റിൽ പതിനഞ്ചു ദിവസം തങ്ങി, തുടർന്ന് ബസറയിൽവച്ചു പനി പിടിച്ചു, തുടർന്ന് ബാഗ്ദാദിൽ എത്തി. അവിടെ വച്ച് കുടക്കച്ചിറയും ഇല്ലിക്കൽ ദേവസ്യാച്ചനും ഏതാനും യുവാക്കളും മരിച്ചു. മരണം ആസന്നമായെന്നു ബോധ്യപ്പെട്ട അന്തോനിക്കത്തനാർ ബാഗ്ദാദിലെ പ്രീഫെക്ട് അപ്പസ്തോലിക്കായോട് അപേക്ഷിച്ചതിൻപ്രകാരം അദ്ദേഹം അന്തോനിയച്ചന്റെമേലുണ്ടായിരുന്ന മഹറോൻ നീക്കി. പശ്ചാത്തപിച്ചു യഥായോഗ്യം കൂദാശകൾ കൈക്കൊണ്ടശേഷമാണ് അന്തോനിക്കത്തനാർ മരണം പ്രാപിച്ചത്. ബാഗ്ദാദിലെ വ്യാകുലമാതാവിന്റെ നാമത്തിലുള്ള റോമൻ കത്തോലിക്കാ ദൈവാലയത്തിലാണ് അദ്ദേഹത്തിന്റെ ഭൗതികശരീരം അടക്കം ചെയ്തിരിക്കുന്നതെന്നാണ് മാർ ളൂയീസ് പഴേപറമ്പിൽ തന്റെ ഗ്രന്ഥത്തിൽ പറയുന്നത്. അന്തോനിക്കത്തനാരുടെ മരണം സംഭവിച്ചത് 1857 ജൂലൈ 22 നാണ്.

(അവസാനിച്ചു)

Deepanalam Weekly
RNI No : 16998/68
Vol. 57 No. 22 Date of Publication 1 August 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത് നമ്മുടെ
അച്ചായൻസ് തന്നെ
KERALA'S NO.1 GOLD BUYER

TONY VALLIALIL ACHAYANS GROUP
SINCE 2005

അച്ചായൻസ്
ഗോൾഡ് 916 HALLMARKED JEWELLERY

പാലാ | ഉഴവൂർ | കരിങ്കുന്നം
കോട്ടയം | ചങ്ങനാശ്ശേരി | ഏറ്റുമാനൂർ | എറണാകുളം | തൊടുപുഴ
ചിങ്ങവനം | സംക്രാന്തി | കടുത്തുരുത്തി | കടുവാക്കുളം | ചേർത്തല

Ph: 9072 388 172 | 8590 046 916

CASH FOR GOLD




35 വർഷത്തെ സേവനപാരമ്പര്യം
നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn.
അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം
പൊൻകുന്നം
Ph: 9495195739, 9495021259

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A., B.Com - (M.G. University)
Regular, Postal & Holiday Classes

DEI Ed ഹിന്ദി ട്രെയിനിങ്
NCTEയുടെ അംഗീകാരത്തോടുകൂടി ദക്ഷിണ ഭാരത് ഹിന്ദിപ്രചാരസഭയുടെ യൂണിവേഴ്സിറ്റി വിഭാഗം നടത്തുന്ന ഹിന്ദി അധ്യാപകപരിശീലന മായ D EI Ed (ശിക്ഷാ സ്നാതക്) ട്രെയ്നിംഗ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടു പരീക്ഷയും ദക്ഷിണഭാരതഹിന്ദിപ്രചാരസഭ നടത്തുന്ന രാഷ്ട്ര ഭാഷാവിശാരദ് കേരളഹിന്ദിപ്രചാരസഭയുടെ ഹിന്ദിഭൂഷൺ, തത്തുല്യയോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം.

HINDI TTC
എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.



KTS PRODUCTS
ഈ നാടിന്റെ ഉൽപ്പന്നം
Tasteit
ടേസ്റ്റിറ്റ്
ISO 9001-2015 Certified Company
അതേ രുചി...അതേ ഗുണം..
65 വർഷത്തെ വിശ്വാസം
എന്നും നിങ്ങളോടൊപ്പം...
Customer Care No.
04822-262835
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം



നന്മ ഹോം നഴ്സിങ്
Reg No. K. 252/2024
സെന്റ് തോമസ് പ്രസിനു സമീപം, പാലാ
ആശുപത്രി കൂട്ടിരിപ്പ് | രോഗീപരിചരണം
വീട്ടുജോലി | ബേബി കെയർ
പ്രസവശുശ്രൂഷ
ജോലിക്കാരെ ആവശ്യമുള്ളവരും ജോലി ആവശ്യമുള്ളവരും
ഈ നമ്പറുകളിൽ ബന്ധപ്പെടുക
100 ശതമാനം ഉത്തരവാദിത്വം
PH: 9074248155, 7025092689, 8547743590

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org